# Thiruvachananm – Theme wise

1. **അബോർഷൻ**

കൊലയ്ക്കു കൊണ്ടുപോകുന്നവരെ മോചിപ്പിക്കുക; കൊലക്കളത്തിലേക്കു വലിച്ചിഴയ്ക്കപ്പെടുന്നവരെ രക്ഷപെടുത്തുക (സുഭാഷിതങ്ങൾ 24:11).

നിർദോഷനെ കൊല്ലാൻ കൈക്കൂലി വാങ്ങുന്നവൻ ശപിക്കപ്പെട്ടവനാകട്ടെ! (നിയമാവർത്തനം 27:25).

2. **അബോർഷൻ**

ജീവരക്തത്തിനു മനുഷ്യനോടും മൃഗത്തോടും ഞാൻ കണക്കുചോദിക്കും. ഓരോരുത്തനോടും സഹോദരൻെറ ജീവനു ഞാൻ കണക്കു ചോദിക്കും (ഉൽപത്തി 9:5).

മാതാവിൻെറ ഉദരത്തിൽ നിനക്കു രൂപം നൽകുന്നതിനു മുൻപേ ഞാൻ നിന്നെ അറിഞ്ഞു; ജനിക്കുന്നതിനു മുൻപേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു. (ജറെമിയാ 1:5).

3. **കുറ്റം പറയുന്നത്**

വിധിക്കപ്പെടാതിരിക്കാൻ നിങ്ങളും വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയാൽത്തന്നെ നിങ്ങളും വിധിക്കപ്പെടും. നിങ്ങൾ അളക്കുന്ന അളവുകൊണ്ടു തന്നെ നിങ്ങൾക്കും അളന്നുകിട്ടും (മത്തായി 7:1–2).

നിൻെറ ഹൃദയത്തിൽനിന്നു ദുഷ്ടത കഴുകിക്കളയുക; എന്നാൽ, നീ

രക്ഷപെടും. എത്രനാളാണു നീ ദുഷിച്ച ചിന്തകളും പേറിനടക്കുക? (ജറെമിയാ 4:14).

4. **കുറ്റം പറയുന്നത്**

ജീവിതത്തെ സ്നേഹിക്കുകയും നല്ല ദിവസങ്ങൾ കാണാൻ ആഗ്രഹിക്കുകയും ചെയ്യുന്നവൻ തിൻമയിൽനിന്നു തൻെറ നാവിനെയും വ്യാജം പറയുന്നതിൽനിന്നു തൻെറ അധരത്തെയും നിയന്ത്രിക്കട്ടെ (1 പത്രോസ് 3:10).

5. **കുറ്റം പറയുന്നത്**

നീ പ്രാർഥിച്ചാൽ കർത്താവ് ഉത്തരമരുളും; നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ, എന്ന് അവിടുന്ന് മറുപടി തരും. മർദനവും കുറ്റാരോപണവും ദുർഭാഷണവും നിന്നിൽനിന്ന് ദൂരെയകറ്റുക (ഏശയ്യാ 58:9).

**വായിൽനിന്നു വരുന്നത് ഹൃദയത്തിൽ നിന്നാണു പുറപ്പെടുന്നത്. അതു മനുഷ്യനെ അശുദ്ധനാക്കുന്നു (മത്തായി 15:18).**

6. **ഭയത്തിൻെറ നിമിഷങ്ങളിൽ**

നിങ്ങൾ ഭയപ്പെടാതെ ഉറച്ചുനിൽക്കുവിൻ. നിങ്ങൾക്കു വേണ്ടി ഇന്നു കർത്താവു ചെയ്യാൻപോകുന്ന രക്ഷാകൃത്യം നിങ്ങൾ കാണും (പുറപ്പാട് 14:13).

ഭയപ്പെടേണ്ടാ, ഞാൻ നിന്നോടുകൂടെയുണ്ട്. സംഭ്രമിക്കേണ്ടാ, ഞാനാണ് നിൻെറ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും

സഹായിക്കുകയും ചെയ്യും. എൻെറ വിജയകരമായ വലത്തുകൈകൊണ്ടു ഞാൻ നിന്നെതാങ്ങിനിർത്തും (ഏശയ്യാ 41:10).

7. **ഭയത്തിൻെറ നിമിഷങ്ങളിൽ**

കർത്താവാണു നിൻെറ മുൻപിൽ പോകുന്നത്. അവിടുന്നു നിന്നോടുകൂടെ ഉണ്ടായിരിക്കും. അവിടുന്നു നിന്നെ ഭഗ്നാശനാക്കുകയോ പരിത്യജിക്കുകയോ ഇല്ല; ഭയപ്പെടുകയോ സംഭ്രമിക്കുകയോ വേണ്ടാ (നിയമാവർത്തനം 31:8).

8. **മദ്യവും മയക്കുമരുന്നും**

സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത എന്നിവയാൽ നിങ്ങളുടെ മനസ്സു ദുർബലമാവുകയും, ആദിവസം ഒരു കെണിപോലെ പെട്ടെന്നു നിങ്ങളുടെമേൽ വന്നു വീഴുകയും ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുവിൻ **(ലൂക്കാ 21:34)**.

അഭിലാഷങ്ങൾക്ക് അടിപ്പെടരുത്; അവ നിന്നെ കാളക്കൂറ്റനെപ്പോലെകുത്തിക്കീറും (പ്രഭാഷകൻ 6:2).

9. **മദ്യാപാനം**

മദ്യപനും ഭോജനപ്രിയനും ദാരിദ്ര്യത്തിലകപ്പെടും; മത്തുപിടിച്ചു മയങ്ങുന്നവന് കീറത്തുണിയുടുക്കേണ്ടിവരും (സുഭാ 23:21).

അവസാനം അതു പാമ്പിനെപ്പോലെ കടിക്കുകയും അണലിയെപ്പോലെ

കൊത്തുകയും ചെയ്യും
(സുഭാ 23:32).

10. **മദ്യാപാനം**

വീഞ്ഞ് പരിഹാസകനും, മദ്യം
കലഹക്കാരനുമാണ്; അവയ്ക്ക്
അടിമപ്പെടുന്നവന് വിവേകമില്ല
(സുഭാഷിതങ്ങൾ 20:1).

നിങ്ങളും നിങ്ങളുടെ സന്തതികളും
ഒരിക്കലും വീഞ്ഞു കുടിക്കരുത്
(ജറെമിയാ 35:6).

11. **കോപം**

കർത്താവിന്റെ ദാസൻ
കലഹപ്രിയനായിരിക്കരുത്;
എല്ലാവരോടും സൗമ്യതയുള്ളവനും
യോഗ്യനായ അധ്യാപകനും
ക്ഷമാശീലനുമായിരിക്കണം.
എതിർക്കുന്നവരെ അവൻ
സൗമ്യതയോടെ തിരുത്തണം. (2
തിമോത്തി 2:24–25)

12. **കോപം**

കോപവും ക്രോധവും
മ്ലേച്ഛമമാണ്; അവ എപ്പോഴും
ദുഷ്ടനോടുകൂടെയുണ്ട്
(പ്രഭാഷകൻ 27:30)

അസൂയയും കോപവും
ജീവിതത്തെവെട്ടിച്ചുരുക്കുന്നു;
ഉത്കണ്ഠ അകാല വാർദ്ധക്യം
വരുത്തുന്നു (പ്രഭാഷകൻ 30:24)

13. **അഹങ്കാരം**

അഹങ്കാരം തുടങ്ങുമ്പോൾ
കർത്താവിൽ നിന്ന് അകലുന്നു;
ഹൃദയം അവൻെറ സ്രഷ്ടാവിനെ

പരിത്യജിച്ചിരിക്കുന്നു. അഹങ്കാരത്തോടൊപ്പം പാപവും മുളയെടുക്കുന്നു; അതിനോട് ഒട്ടിനിൽക്കുന്നവൻ മ്ലേച്ഛത വമിക്കും. അതിനാൽ, കർത്താവ് അപൂർവമായ പീഡകൾ അയച്ച് അവനെ നിശ്ശേഷം നശിപ്പിക്കുന്നു (പ്രഭാഷകൻ 10:12–13).

14. **അഹങ്കാരം**

അഹങ്കാരം കർത്താവിനെയും മനുഷ്യരെയും വെറുപ്പിക്കുന്നു (പ്രഭാഷകൻ 10:7).

അഹങ്കരിക്കുന്നവരോടു കർത്താവിന് വെറുപ്പാണ്; അവർക്കു ശിക്ഷ കിട്ടാതിരിക്കുകയില്ല, തീർച്ച (സുഭാഷിതങ്ങൾ 16:5).

15. **അഹങ്കാരം**

താൻ കുഴിച്ച കുഴിയിൽ താൻതന്നെ വീഴും; താൻ വച്ച കെണിയിൽ താൻതന്നെ കുടുങ്ങും. താൻ ചെയ്ത തിൻമ തൻെറ മേൽതന്നെ പതിക്കും. അത് എവിടെനിന്നു വന്നെന്ന് അവൻ അറിയുകയില്ല. അഹങ്കാരിയിൽ നിന്ന് പരിഹാസവും ദൂഷണവും പുറപ്പെടുന്നു; പ്രതികാരം സിംഹത്തെപ്പോലെഅവനുവേണ്ടി പതിയിരിക്കുന്നു (പ്രഭാഷകൻ 27:26–28).

16. **അഹങ്കാരം**

നിനക്ക് എന്തു പ്രത്യേക മാഹാത്മ്യമാണുള്ളത്? ദാനമായി ലഭിച്ചതല്ലാതെ നിനക്ക് എന്തുണ്ട്? എല്ലാം ദാനമായിരിക്കേ, ദാനമല്ല എന്ന മട്ടിൽ എന്തിനു നീ അഹങ്കരിക്കുന്നു? (1 കോറിന്തോസ് 4:7).

17. **നമ്മുടെ ആത്മാവിൻെറ അവസ്ഥ നഷ്ടപ്പെടുത്തിയിട്ടുണ്ടോ?**

ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? ഒരുവൻ സ്വന്തം ആത്മാവിനു പകരമായി എന്തു കൊടുക്കും? (മത്തായി 16:26).

നീ സ്വീകരിച്ചതും കേട്ടതും എന്തെന്നനുസ്മരിച്ച് അതു കാത്തുസൂക്ഷിക്കുകയും അനുതപിക്കുകയും ചെയ്യുക. നീ ഉണരുന്നില്ലെങ്കിൽ ഞാൻ കള്ളനെപ്പോലെ വരും. ഏതു സമയത്താണു ഞാൻ നിന്നെ പിടികൂടുകയെന്നു നീ അറിയുകയില്ല (വെളിപാട് 3:3).

18. **നമ്മുടെ ആത്മാവിൻെറ അവസ്ഥ നഷ്ടപ്പെടുത്തിയിട്ടുണ്ടോ?**

ശരീരത്തെ കൊല്ലുകയും ആത്മാവിനെ കൊല്ലാൻ കഴിവില്ലാതിരിക്കുകയും ചെയ്യുന്നവരെ നിങ്ങൾ ഭയപ്പെടേണ്ടാ, മറിച്ച്, ആത്മാവിനെയും ശരീരത്തെയും നരകത്തിനിരയാക്കാൻ കഴിയുന്നവനെ ഭയപ്പെടുവിൻ (മത്തായി 10:28).

ആകാശത്തിനു കീഴെ മനുഷ്യരുടെ ഇടയിൽ നമുക്കു രക്ഷയ്ക്കു വേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല (അപ്പ.4:12).

19. **നമ്മുടെ ആത്മാവിൻെറ അവസ്ഥ നഷ്ടപ്പെടുത്തിയിട്ടുണ്ടോ?**

എല്ലാ അശുദ്ധിയും വർദ്ധിച്ചു വരുന്ന തിന്മയും ഉപേക്ഷിച്ച് , നിങ്ങളിൽ പാകിയിരിക്കുന്നതും നിങ്ങളുടെ ആത്മാക്കളെ രക്ഷിക്കുവാൻ കഴിവുള്ളതുമായ വചനത്തെ വിനയപൂർവ്വം സ്വീകരിക്കുവിൻ (യാക്കോബ് 1:21).

അജ്ഞതയുടെ കാലഘട്ടങ്ങളെ ദൈവം കണക്കിലെടുത്തില്ല. എന്നാൽ, ഇപ്പോൾ എല്ലായിടത്തുമുള്ള സകല ജനങ്ങളും പശ്ചാത്തപിക്കണമെന്ന് അവിടുന്ന് ആജ്ഞാപിക്കുന്നു(അപ്പ.17:30).

20. **ആത്മാവാണ് ജീവൻെറ ഉറവിടം**

ആത്മാവാണു ജീവൻ നൽകുന്നത്; ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. നിങ്ങളോടു ഞാൻ പറഞ്ഞവാക്കുകൾ ആത്മാവും ജീവനുമാണ് (യോഹന്നാൻ 6:63)

മോഷ്ടിക്കാനും കൊല്ലാനും നശിപ്പിക്കാനുമാണു കള്ളൻ വരുന്നത്. ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ് (യോഹന്നാൻ 10:10).

21. **ജഡമോഹങ്ങളെ തൃപ്തിപ്പെടുത്തരുത്**

ജഡമോഹങ്ങൾ നിങ്ങളെ കീഴ്പ്പെടുത്താൻ തക്കവിധം പാപം നിങ്ങളുടെ മർത്യശരീരത്തിൽ ഭരണം നടത്താതിരിക്കട്ടെ (റോമ6:12)

നിങ്ങൾ വിലയ്ക്കു വാങ്ങപ്പെട്ടവരാണ്. ആകയാൽ,

നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ (1 കോറിന്തോസ് 6:20)

ജഡികാഭിലാഷങ്ങൾ മരണത്തിലേക്കു നയിക്കുന്നു; ആത്മീയാഭിലാഷങ്ങൾ ജീവനിലേക്കും സമാധാനത്തിലേക്കും (റോമാ 8:6).

22. **ശരീരത്തെ തൃപ്തിപ്പെടുത്തുമ്പോൾ നമ്മൾ പാപം ചെയ്യുന്നു**

നിങ്ങളോടു ഞാൻ പറയുന്നു, ആത്മാവിൻെറ പ്രേരണയനുസരിച്ചു വ്യാപരിക്കുവിൻ. ജഡമോഹങ്ങളെ ഒരിക്കലും തൃപ്തിപ്പെടുത്തരുത് (ഗലാത്തിയാ 5:16).

ജഡത്തിൻെറ വ്യാപാരങ്ങൾ എല്ലാവർക്കുമറിയാം. അവ വ്യഭിചാരം, അശുദ്ധി, ദുർവൃത്തി, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, മാത്സര്യം, ഭിന്നത, വിഭാഗീയചിന്ത, വിദ്വേഷം, മദ്യപാനം, മദിരോത്സവം ഇവയും ഈ ദൃശമായ മറ്റു പ്രവൃത്തികളുമാണ്. ഇത്തരം പ്രവൃത്തികളിലേർപ്പെടുവർ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ലെന്ന് മുമ്പു ഞാൻ നിങ്ങൾക്കു നൽകിയ താക്കീത് ഇപ്പോഴും ആവർത്തിക്കുന്നു (ഗലാത്തിയാ 5:19–21).

23. **ശരീരത്തെ തൃപ്തിപ്പെടുത്തുമ്പോൾ നമ്മൾ പാപം ചെയ്യുന്നു**

അഭിലാഷങ്ങൾക്ക് അടിപ്പെടരുത്; അവ നിന്നെ കാളക്കൂറ്റനെപ്പോലെ കുത്തിക്കീറും **(പ്രഭാ 6:2)**.

കർത്താവിങ്കലേക്കു തിരിയാൻ വൈകരുത്: നാളെ നാളെ എന്നു നീട്ടിവയ്ക്കുകയുമരുത് അവിടുത്തെ ക്രോധം അവിചാരിതമായി ഉണരുകയും ആ ശിക്ഷയിൽ നീ നശിക്കുകയും ചെയ്യും (**പ്രഭാഷകൻ 5:7**).

24. **സ്വന്തം ബുദ്ധിയെ ആശ്രയിക്കരുത്**

കർത്താവിൽ പൂർണഹൃദയത്തോടെ വിശ്വാസമർപ്പിക്കുക; സ്വന്തം ബുദ്ധിയെ ആശ്രയിക്കുകയുമരുത്. നിൻെറ എല്ലാ പ്രവൃത്തികളും ദൈവവിചാരത്തോടെയാകട്ടെ; അവിടുന്ന് നിനക്ക് വഴി തെളിച്ചുതരും. ജ്ഞാനിയെന്നു സ്വയം ഭാവിക്കരുത്; കർത്താവിനെ ഭയപ്പെട്ട് തിൻമയിൽ നിന്ന് അകന്നുമാറുക (സുഭാഷിതങ്ങൾ 3:5–7).

എന്നെ വിളിക്കുക, ഞാൻ മറുപടി നൽകും. നിൻെറ ബുദ്ധിക്കതീതമായ മഹത്തും നിഗൂഢവുമായ കാര്യങ്ങൾ ഞാൻ നിനക്കു വെളിപ്പെടുത്തും (ജറെമിയാ 33:3).

25. **സ്വന്തം ബുദ്ധിയിലും ജ്ഞാനത്തിലും ആശ്രയിക്കരുത്**

സ്വന്തം ബുദ്ധിയിൽ വിശ്വാസം അർപ്പിക്കുന്നവൻ ഭോഷനാണ്. ജ്ഞാനമാർഗ്ഗത്തിൽ ചരിക്കുന്നവൻ സുരക്ഷിതനായിരിക്കും (സുഭാ 28:26).

എന്നെ വിളിക്കുക. ഞാൻ മറുപടി നൽകും. നിൻ്റെ ബുദ്ധിക്കതീതമായ

മഹത്തും നിഗൂഢവുമായ കാര്യ
ങ്ങൾ ഞാൻ നിനക്കു വെളിപ്പെടു
ത്തും (ജറെമിയ 33:3).

26. **സ്വന്തം ബുദ്ധിയിലും ജ്ഞാനത്തിലും ആശ്രയിക്കരുത്**

നിങ്ങളിൽ ജ്ഞാനം കുറവുള്ളവൻ ദൈവത്തോടു ചോദിക്കട്ടെ അവന് അതു ലഭിക്കും. കുറ്റപ്പെടുത്താതെ എല്ലാവർക്കും ഉദാരമായി നൽകുന്ന വനാണ് അവിടുന്ന് (യാക്കോബ് 1:5).

ദൈവം സോളമന് അളവറ്റ ജ്ഞാനവും ഉൾക്കാഴ്ചയും കടൽത്തീരംപോലെ വിശാലമായ ഹൃദയവും പ്രദാനം ചെയ്തു (1 രാജാക്കന്മാർ 4:29).

27. **മക്കളുടെ മാനസാന്തരം**

രാത്രിയിൽ,യാമങ്ങളുടെ ആരംഭത്തിൽ എഴുന്നേറ്റ് ഉറക്കെ നിലവിളിക്കുക. കർത്താവിൻെറ സന്നിധിയിൽ ജലധാരപോലെ നിൻെറ ഹൃദയത്തെ ചൊരിയുക. നാൽക്കവലകളിൽ വിശന്നു തളർന്നുവീഴുന്ന നിൻെറ മക്കളുടെ ജീവനുവേണ്ടി നീ അവിടുത്തേ സന്നിധിയിലേക്കു കൈകളുയർത്തുക (വിലാപങ്ങൾ 2:19).

ഞാൻ സകല മർത്ത്യരുടെയും ദൈവമായ കർത്താവാണ്. എനിക്ക് അസാധ്യമായി എന്തെങ്കിലുമുണ്ടോ? (ജറെമിയാ 32:27).

28. **കൂടുതൽ മക്കൾ**

ദൈവം അവരെ ഇങ്ങനെ

അനുഗ്രഹിച്ചു:
സന്താനപുഷ്ടിയുള്ളവരായി
പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ്
അതിനെ കീഴടക്കുവിൻ
(ഉൽപത്തി 1:28).

നോഹയെയും പുത്രൻമാരെയും
അനുഗ്രഹിച്ചുകൊണ്ടു ദൈവം
പറഞ്ഞു: സന്താന
പുഷ്ടിയുണ്ടായി, പെരുകി,
ഭൂമിയിൽ നിറയുവിൻ
(ഉൽപത്തി 9:1).

കർത്താവിൻെറ ദാനമാണ്
മക്കൾ,ഉദരഫലം ഒരു സമ്മാനവും
(സങ്കീർത്തനങ്ങൾ127:3).

29. **മക്കൾ വിശുദ്ധിയിൽ വളരാൻ ചെറുപ്പത്തിലേ പരിശീലിപ്പിക്കുക**

ശൈശവത്തിൽത്തന്നെ നടക്കേണ്ട
വഴിപരിശീലിപ്പിക്കുക;
വാർധക്യത്തിലും അതിൽനിന്നു
വ്യതിചലിക്കുകയില്ല
(സുഭാഷിതങ്ങൾ 22:6).

നിങ്ങളുടെ കണ്ണുകൾ കണ്ട
കാര്യങ്ങൾ മറക്കാതിരിക്കാനും
ജീവിതകാലം മുഴുവൻ അവ
ഹൃദയത്തിൽ നിന്നു
മായാതിരിക്കാനും ശ്രദ്ധിക്കുവിൻ;
ജാഗരൂകരായിരിക്കുവിൻ.
അവയെല്ലാം നിങ്ങളുടെ മക്കളെയും
മക്കളുടെ മക്കളെയും
അറിയിക്കണം
(നിയമാവർത്തനം 4:9).

30. **കുഞ്ഞുങ്ങൾ വഴിതെറ്റി പോയത്**

നഷ്ടപ്പെട്ടതിനെ ഞാൻ
അന്വേഷിക്കും. വഴി
തെറ്റിപ്പോയതിനെ ഞാൻ
തിരിയെക്കൊണ്ടുവരും;

മുറിവേറ്റതിനെ ഞാൻ വച്ചുകെട്ടും. ബലഹീനമായതിനെ ഞാൻ ശക്തിപ്പെടുത്തും (എസെക്കിയേൽ 34:16).

നഷ്ടപ്പെട്ടുപോയതിനെ കണ്ടെത്തി രക്ഷിക്കാനാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത് (ലൂക്കാ 19:10).

യേശു അവരെ നോക്കിപ്പറഞ്ഞു: മനുഷ്യർക്ക് ഇത് അസാധ്യമാണ്; എന്നാൽ, ദൈവത്തിന് എല്ലാം സാധ്യമാണ് (മത്തായി 19:26).

31. **ദേവാലയത്തിൽ പോയി പ്രാർത്ഥിക്കണം**

ഇവിടെ നിന്നുയരുന്ന പ്രാർഥനകൾക്കുനേരേ എൻെറ കണ്ണും കാതും ജാഗരൂകമായിരിക്കും. എൻെറ നാമം ഇവിടെ എന്നേക്കും നിലനിൽക്കേണ്ടതിന് ഞാൻ ഈ ആലയം തിരഞ്ഞെടുത്തു വിശുദ്ധീകരിച്ചിരിക്കുന്നതിനാൽ, എൻെറ ഹൃദയപൂർവമായ കടാക്ഷം സദാ ഇതിൻമേൽ ഉണ്ടായിരിക്കും (2 ദിനവൃത്താന്തം 7:15-16).

കണ്ണീരോടെയാണ് അവർ വരുന്നത്; എന്നാൽ ഞാനവരെ ആശ്വസിപ്പിച്ചു നയിക്കും. ഞാൻ അവരെ നീരൊഴുക്കുകളിലേക്കു നയിക്കും (ജറെമിയാ 31:9) .

32. **ക്രൂശിതരൂപം രക്ഷയുടെ അടയാളം**

നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ കുരിശിലല്ലാതെ മറ്റൊന്നിലും മേൻമ ഭാവിക്കാൻ എനിക്ക് ഇടയാകാതിരിക്കട്ടെ. (ഗലാത്തിയാ 6:14).

നമ്മുടെ പാപങ്ങൾ സ്വന്തം ശരീരത്തിൽ വഹിച്ചുകൊണ്ട് അവൻ കുരിശിലേറി. അത്, നാം പാപത്തിനു മരിച്ചു നീതിക്കായി ജീവിക്കേണ്ടതിനാണ്. അവൻെറ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു (1 പത്രോസ് 2:24).

33. **ദൈവത്തിൽ ആശ്രയിക്കുക**

ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും; അവർ കഴുകൻമാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല; നടന്നാൽ തളരുകയുമില്ല (ഏശയ്യാ 40:31).

മനുഷ്യനിൽ ആശ്രയിക്കുന്നതിനെക്കാൾ കർത്താവിൽ അഭയം തേടുന്നതു നല്ലത് (സങ്കീർത്തനങ്ങൾ 118:8).

34. **ദൈവത്തിൽ ആശ്രയിക്കുക**

മനുഷ്യനിൽ ഇനി വിശ്വാസമർപ്പിക്കരുത്; അവൻ ഒരു ശ്വാസം മാത്രം, അവനെന്തു വിലയുണ്ട്? (ഏശയ്യാ 2:22). ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും; അവർ കഴുകൻമാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല; നടന്നാൽ തളരുകയുമില്ല (ഏശയ്യാ 40:31).

35. **പിശാച് അലറുന്ന സിംഹത്തെപ്പോലെ ഓടി നടക്കുന്നു**

നിങ്ങളുടെ ശത്രുവായ പിശാച്

അലറുന്ന സിംഹത്തെപ്പോലെ, ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചുകൊണ്ടു ചുറ്റിനടക്കുന്നു. വിശ്വാസത്തിൽ ഉറച്ചു നിന്നുകൊണ്ട് അവനെ എതിർക്കുവിൻ (1 പത്രോസ് 5:8–9).

ദൈവത്തിനു വിധേയരാകുവിൻ; പിശാചിനെ ചെറുത്തു നിൽക്കുവിൻ, അപ്പോൾ അവൻ നിങ്ങളിൽനിന്ന് ഓടിയകന്നുകൊള്ളും (യാക്കോബ് 4:7).

36. **മരിച്ചവരോടുള്ള കടമ മറക്കരുത്**

ജീവിച്ചിരിക്കുന്നവർക്ക് ഉദാരമായി നൽകുക, മരിച്ചവരോടുള്ള കടമ മറക്കരുത് (പ്രഭാഷകൻ 7:33).

മരിച്ചവർ ഉയിർക്കുമെന്നു പ്രതീക്ഷയില്ലായിരുന്നെങ്കിൽ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് നിഷ്പ്രയോജനവും ഭോഷത്തവും ആകുമായിരുന്നു (2 മക്കബായർ 12:44).

37. **മരിച്ചവരോടുള്ള കടമ മറക്കരുത്**

ദൈവഭക്തിയോടെ മരിക്കുന്നവർക്കായി ഒരുക്കിയിരിക്കുന്ന അമൂല്യ സമ്മാനത്തെക്കുറിച്ച് അവൻ പ്രത്യാശ പുലർത്തിയെങ്കിൽ അത് പാവനവും ഭക്തിപൂർണ്ണവുമായ ഒരു ചിന്തയാണ്. അതിനാൽ മരിച്ചവർക്ക്, പാപമോചനം ലഭിക്കുന്നതിന് അവർക്കുവേണ്ടി പാപപരിഹാരകർമ്മം അനുഷ്ഠിച്ചു (2 മക്കബായർ 12:45).

38. **വിഷമഘട്ടങ്ങളിൽ ദൈവത്തോടു ചേർന്നുനിൽക്കുക**

അനർഥകാലത്ത് എന്നെ വിളിച്ചപേക്ഷിക്കുക; ഞാൻ നിന്നെ മോചിപ്പിക്കും; നീ എന്നെ

മഹത്വപ്പെടുത്തുകയും ചെയ്യും (സങ്കീർത്തനങ്ങൾ 50:15).

അവിടുന്നു ഹൃദയം തകർന്നവരെ സൗഖ്യപ്പെടുത്തുകയും അവരുടെ മുറിവുകൾ വച്ചുകെട്ടുകയും ചെയ്യുന്നു (സങ്കീർത്തനങ്ങൾ 147:3).

39. **വിഷമഘട്ടങ്ങളിൽ ദൈവത്തോടു ചേർന്നുനിൽക്കുക**

ദൈവത്തിൽ നിന്ന് അകലാൻ കാണിച്ചതിന്റെ പത്തിരട്ടി തീക്ഷ്ണതയോടെ തിരിച്ചുവന്ന് അവിടുത്തെ തേടുവിൻ. എന്തെന്നാൽ, നിങ്ങളുടെമേൽ ഈ അനർഥങ്ങൾ വരുത്തിയവൻ തന്നെ നിങ്ങൾക്കു രക്ഷയും നിത്യാനന്ദവും നൽകും (ബാറൂക്ക് 4:28–29).

ഒരുവന്റെ വഴികൾ കർത്താവിന് പ്രീതികരമായിരിക്കുമ്പോൾ ശത്രുക്കൾ പോലും അവനോട് ഇണങ്ങിക്കഴിയുന്നു (സുഭാഷിതങ്ങൾ 16:7).

40. **പ്രതിസന്ധികളിൽ**

ഹൃദയം നുറുങ്ങിയവർക്കു കർത്താവ് സമീപസ്ഥനാണ്; മനമുരുകിയവരെ അവിടുന്നു രക്ഷിക്കുന്നു (സങ്കീർത്തനങ്ങൾ 34:18).

ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽനിന്നു പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ, നിങ്ങൾക്ക് ആശ്വാസം ലഭിക്കും (മത്തായി 11:29).

കർത്താവ് എന്നേക്കുമായി ഉപേക്ഷിക്കുകയില്ല. അവിടുന്ന് വേദനിപ്പി

ച്ചാലും തന്റെ കാരുണ്യാതിരേക ത്തിന് അനുസൃതമായി ദയ കാണി ക്കും. (വിലാപങ്ങൾ 3:31–32).

41. **അനുസരണമില്ലാതെ തന്നിഷ്ടത്തിൽ ജീവിക്കുന്നത്**

ആരുണ്ട് എന്നെ നിയന്ത്രിക്കാൻ എന്നുപറയരുത്; കർത്താവ് നിന്നെ ശിക്ഷിക്കും; തീർച്ച. പാപം ചെയ്തിട്ട് എനിക്ക് എന്തു സംഭവിച്ചു എന്നും പറയരുത്; കർത്തൃകോപം സാവധാനമേ വരൂ. ക്ഷമിക്കുമെന്നോർത്ത് വീണ്ടും വീണ്ടും പാപം ചെയ്യരുത് (പ്രഭാഷകൻ 5:3–5)

കരുണയും കോപവും കർത്താവിനോടുകൂടെയുണ്ട്; ക്ഷമിക്കുമ്പോഴും ക്രോധം ചൊരിയുമ്പോഴും അവിടുത്തെ ശക്തിയാണ് പ്രകടമാകുന്നത് (പ്രഭാ 16:11)

42. **അനുസരണമില്ലാതെ തന്നിഷ്ടത്തിൽ ജീവിക്കുന്നത്**

നിൻെറ ഐശ്വര്യകാലത്തു ഞാൻ നിന്നോടു സംസാരിച്ചു; ഞാൻ അനുസരിക്കുകയില്ല എന്നു നീ പറഞ്ഞു. ചെറുപ്പം മുതലേ നീ എൻെറ വാക്കു കേട്ടില്ല (ജറെമിയാ 22:21).

മകനേ, ജീവിച്ചിരിക്കുമ്പോൾ ആത്മശോധന നടത്തുക; ഹാനികരമായതു ചെയ്യരുത് (പ്രഭാഷകൻ 37:27). എല്ലാറ്റിലുമുപരി സത്യമാർഗത്തിൽ നിന്നെ നയിക്കുന്നതിന് അത്യുന്നതനോടു പ്രാർഥിക്കുക (പ്രഭാഷകൻ 37:15).

43. **വിവാഹ മോചനം ദൈവം**

**അനുവദിക്കുന്നില്ല**

ഇസ്രായേലിൻെറ ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു: വിവാഹ മോചനത്തെ ഞാൻ വെറുക്കുന്നു (മലാക്കി 2:16).

എല്ലാവരുടെയിടയിലും വിവാഹം മാന്യമായി കരുതപ്പെടട്ടെ. മണവറ മലിനമാകാതിരിക്കട്ടെ. കാരണം, അസൻമാർഗികളെയും വ്യഭിചാരികളെയും ദൈവം വിധിക്കും (ഹെബ്രായർ 13:4).

44. **വിവാഹ മോചനം ദൈവം അനുവദിക്കുന്നില്ല**

പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ട് ഭാര്യയോടു ചേർന്നിരിക്കും; അവർ ഇരുവരും ഏകശരീരമായിത്തീരും എന്ന് അവിടുന്ന് അരുളിച്ചെയ്തിട്ടുണ്ടെന്നും നിങ്ങൾ വായിച്ചിട്ടില്ലേ? തൻമൂലം, പിന്നീടൊരിക്കലും അവർ രണ്ടല്ല, ഒറ്റ ശരീരമായിരിക്കും. ആകയാൽ, ദൈവം യോജിപ്പിച്ചതു മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ (മത്തായി 19:5–6).

45. **നമ്മുടെ പ്രയത്നങ്ങൾ**

എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല (യോഹന്നാൻ 15:5).

മനുഷ്യൻെറ ആഗ്രഹമോ പ്രയത്നമോ അല്ല, ദൈവത്തിൻെറ ദയയാണ് എല്ലാറ്റിൻെറയും അടിസ്ഥാനം (റോമാ 9:16).

എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും (ഫിലിപ്പി 4:13).

46. **നമ്മുടെ ആഗ്രഹങ്ങളും അദ്ധ്വാനങ്ങളും**

മനുഷ്യന്റെ ആഗ്രഹമോ പ്രയത്നമോ അല്ല, ദൈവത്തിന്റെ ദയയാണ് എല്ലാറ്റിന്റെയും അടിസ്ഥാനം (റോമാ 9:16).

എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല (യോഹന്നാൻ 15:5).

നിന്റെ പ്രയത്നം കർത്താവിൽ അർപ്പിക്കുക. നിന്റെ പദ്ധതികൾ ഫലമണിയും (സുഭാഷിതങ്ങൾ 16:3).

47. **തകർച്ചകൾ ദൈവം നന്മക്കായി മാറ്റുന്നു**

കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങളെക്കുറിച്ചുള്ള പദ്ധതി എൻെറ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത് – നിങ്ങൾക്കു ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി (ജറെമിയാ 29:11).

48. **തകർച്ചകൾ ദൈവം നന്മക്കായി മാറ്റുന്നു**

ദൈവത്തിൻെറ ശക്തമായ കരത്തിൻകീഴിൽ, നിങ്ങൾ താഴ്മയോടെ നിൽക്കുവിൻ. അവിടുന്നു തക്കസമയത്തു നിങ്ങളെ ഉയർത്തിക്കൊള്ളും. നിങ്ങളുടെ ഉത്കണ്ഠകളെല്ലാം അവിടുത്തെ ഏൽപിക്കുവിൻ. അവിടുന്നു നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ് (1 പത്രോസ് 5:6).

49. **തകർച്ചയുടെ നാളുകൾ**

നിങ്ങളെത്തന്നെ ശുദ്ധീകരിക്കുവിൻ. നാളെ നിങ്ങളുടെ ഇടയിൽ കർത്താവ് അദ്ഭുതങ്ങൾ പ്രവർത്തിക്കും (ജോഷ്വ 3:5).

ദൈവകരങ്ങളിൽനിന്നു നൻമസ്വീകരിച്ച നാം തിൻമ സ്വീകരിക്കാൻ മടിക്കുകയോ? (ജോബ് 2:10)

50. **തകർച്ചയുടെ സമയങ്ങളിൽ**

ദൈവത്തിൽ നിന്ന് അകലാൻ കാണിച്ചതിൻെറ പത്തിരട്ടി തീക്ഷ്ണതയോടെ തിരിച്ചുവന്ന് അവിടുത്തെ തേടുവിൻ. നിങ്ങളുടെമേൽ ഈ അനർഥങ്ങൾ വരുത്തിയവൻ തന്നെ നിങ്ങൾക്കു രക്ഷയും നിത്യാനന്ദവും നൽകും (ബാറൂക്ക് 4:28–29).

51. **തകർച്ചയുടെ സമയങ്ങളിൽ**

കഴിഞ്ഞുപോയ കാലങ്ങൾ ഓർക്കുവിൻ, തലമുറകളിലൂടെ കടന്നുപോയ വർഷങ്ങൾ അനുസ്മരിക്കുവിൻ;

ഹൃദയം നുറുങ്ങിയവർക്കു കർത്താവ് സമീപസ്ഥനാണ്; മനമുരുകിയവരെ അവിടുന്നു രക്ഷിക്കുന്നു (സങ്കീർത്തനങ്ങൾ 34:18).

52. **തകർച്ചയുടെ സമയങ്ങളിൽ**

നിൻെറ മുൻകാല ജീവിതത്തെയും ജീവിതാന്തത്തെയും ഓർക്കുക; മർത്യവർഗത്തിനുള്ള കർത്താവിൻെറ തീർപ്പാണ് ഇത് (പ്രഭാഷകൻ 41:3)

നിൻെറ ഭാരം കർത്താവിനെ ഏൽപിക്കുക, അവിടുന്നു നിന്നെതാങ്ങിക്കൊള്ളും; നീതിമാൻ കുലുങ്ങാൻ അവിടുന്നു സമ്മതിക്കുകയില്ല (സങ്കീർത്തനങ്ങൾ 55:22).

53. **വിശ്വാസം**

വിശ്വാസം എന്നതു പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ് (ഹെബ്രായർ 11:1).

ദൈവത്തിൻെറ വചനത്താൽ ലോകം സൃഷ്ടിക്കപ്പെട്ടെന്നും കാണപ്പെടുന്നവ കാണപ്പെടാത്തവയിൽ നിന്നുണ്ടായി എന്നും വിശ്വാസംമൂലം നാം അറിയുന്നു (ഹെബ്രായർ 11:3).

54. **വിശ്വാസം**

വിശ്വാസമില്ലാതെ ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യമല്ല. ദൈവസന്നിധിയിൽ ശരണംപ്രാപിക്കുന്നവർ ദൈവം ഉണ്ടെന്നും തന്നെ അന്വേഷിക്കുന്നവർക്ക് അവിടുന്നുപ്രതിഫലം നൽകുമെന്നും വിശ്വസിക്കണം (ഹെബ്രായർ 11:6).

55. **യേശുവിൽ വിശ്വസിച്ച് നമ്മുടെ ഹൃദയവാതിൽ തുറന്നുകൊടുക്കുക**

കർത്താവായ യേശുവിൽ വിശ്വസിക്കുക; നീയും നിൻെറ കുടുംബവും രക്ഷപ്രാപിക്കും (അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ 16:31).

ആരെങ്കിലും എന്റെ സ്വരം കേട്ടു വാതിൽ തുറന്നുതന്നാൽ ഞാൻ അവന്റെ അടുത്തേക്കു വരും. ഞങ്ങൾ ഒരുമിച്ച് ഭക്ഷിക്കുകയും ചെയ്യും (വെളിപാട് 3:20).

56. **കർത്താവിനെ ഭയപ്പെടുക**

കർത്താവിനെ ഭയപ്പെടുകയും അവിടുത്തെ വഴികളിൽ നടക്കുകയും ചെയ്യുന്നവൻ ഭാഗ്യവാൻ. നിൻെറ അധ്വാനഫലം നീ അനുഭവിക്കും; നീ സന്തുഷ്ടനായിരിക്കും; നിനക്കു നൻമ വരും (സങ്കീർത്തനങ്ങൾ 128:1–2).

നീചനു നൻമ കൈവരുകയില്ല. ജീവിതം നിഴൽപോലെ നീട്ടാനും അവനു കഴിയുകയില്ല. കാരണം, അവൻ ദൈവസന്നിധിയിൽ ഭയത്തോടെയല്ല വ്യാപരിക്കുന്നത് (സഭാപ്രസംഗകൻ 8:13).

57. **കുടുംബങ്ങളിലെ വഴക്ക്**

നിങ്ങളുടെ ഇടയിൽ തർക്കങ്ങളും ഏറ്റുമുട്ടലുകളും ഉണ്ടാകുന്നത് എങ്ങനെയാണ്? നിങ്ങളുടെ അവയവങ്ങളിൽ പോരാടി ക്കൊണ്ടിരിക്കുന്ന ദുരാശകളിൽ നിന്നല്ലേ അവ ഉണ്ടാകുന്നത്?. നിങ്ങൾ ആഗ്രഹിക്കുന്നതു നിങ്ങൾക്കു ലഭിക്കുന്നില്ല. നിങ്ങൾ കൊല്ലുകയും അസൂയപ്പെടുകയും ചെയ്യുന്നു. എന്നാൽ, നിങ്ങൾക്ക് ഒന്നും ലഭിക്കുന്നില്ല. നിങ്ങൾ വഴക്കിടുകയും യുദ്ധം ചെയ്യുകയും ചെയ്യുന്നു. നിങ്ങൾ ആവശ്യപ്പെടുന്നില്ല; അതിനാൽ നിങ്ങൾക്കു ലഭിക്കുന്നില്ല **(യാക്കോബ്** 4:1–2).

58. **കുടുംബങ്ങളിലെ വഴക്ക്**

ഞാൻ ചെയ്യുന്ന പ്രവൃത്തികൾതന്നെ എനിക്കു മനസ്സിലാകുന്നില്ല. എന്തെന്നാൽ, ഞാൻ ഇച്ഛിക്കുന്നതല്ല, വെറുക്കുന്നതാണു ഞാൻ പ്രവർത്തിക്കുന്നത് (റോമാ 7:15).

ഉചിതമായി പ്രവർത്തിച്ചാൽ നീയും സ്വീകാര്യനാവുകയില്ലേ? നല്ലതു ചെയ്യുന്നില്ലെങ്കിൽ പാപം വാതിൽക്കൽത്തന്നെ പതിയിരിപ്പുണ്ടെന്ന് ഓർക്കണം. അതു നിന്നിൽ താത്പര്യം വച്ചിരിക്കുന്നു; നീ അതിനെ കീഴടക്കണം (ഉൽപത്തി 4:7).

59. **ദമ്പതികൾ വഴിക്കിടുമ്പോൾ ഈ വചനം ഓർമ്മിക്കുക**

നിനക്കെതിരേ എനിക്കൊന്നു പറയാനുണ്ട്: നിനക്ക് ആദ്യമുണ്ടായിരുന്ന സ്നേഹം നീ കൈവെടിഞ്ഞു. അതിനാൽ, നീ ഏതവസ്ഥയിൽ നിന്നാണ് അധഃപതിച്ചതെന്നു ചിന്തിക്കുക; അനുതപിച്ച് ആദ്യത്തെ പ്രവർത്തികൾ ചെയ്യുക (വെളിപാട് 2:4–5).

സാത്താന് നിങ്ങൾ അവസരം കൊടുക്കരുത്
**(എഫേസോസ് 4:27).**

60. **സാമ്പത്തിക ബുദ്ധിമുട്ടുകൾ**

മകനേ, നമ്മൾ ദരിദ്രരായിത്തീർന്നതിൽ നിനക്ക് ആധി വേണ്ടാ. നിനക്കു ദൈവത്തോടു ഭക്തി ഉണ്ടായിരിക്കുകയും നീ

പാപത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കുകയും അവിടുത്തേക്കു പ്രീതികരമായത് അനുഷ്ഠിക്കുകയും ചെയ്താൽ നിനക്കു വലിയ സമ്പത്തു കൈവരും (തോബിത് 4:21).

പാപിയുടെ നേട്ടങ്ങളിൽ അസൂയ വേണ്ടാ; കർത്താവിൽ ശരണംവച്ചു നിൻെറ ജോലി ചെയ്യുക; ദരിദ്രനെ സമ്പന്നനാക്കാൻ കർത്താവിന് ഒരു നിമിഷം മതി (പ്രഭാഷകൻ 11:21).

61. **ക്ഷമിക്കുക**

മറ്റുള്ളവരുടെ തെറ്റുകൾ നിങ്ങൾ ക്ഷമിക്കുമെങ്കിൽ സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും.മറ്റുള്ളവരോടു നിങ്ങൾ ക്ഷമിക്കുകയില്ലെങ്കിൽ നിങ്ങളുടെ പിതാവ് നിങ്ങളുടെ തെറ്റുകളും ക്ഷമിക്കുകയില്ല (മത്തായി 6:14–15).

ഒരാൾക്കു മറ്റൊരാളോടു പരിഭവമുണ്ടായാൽ പരസ്പരം ക്ഷമിച്ചു സഹിഷ്ണുതയോടെ വർത്തിക്കുവിൻ. കർത്താവ് നിങ്ങളോടു ക്ഷമിച്ചതുപോലെതന്നെ നിങ്ങളും ക്ഷമിക്കണം (കൊളോസോസ് 3:13)

62. **സ്വർഗ്ഗസ്ഥനായ പിതാവേ പ്രാർത്ഥന ചൊല്ലുമ്പോഴും, ദിവ്യബലിയിൽ പങ്കെടുക്കുമ്പോഴും ഈ തിരുവചനങ്ങൾ ഓർമ്മിക്കൂ!**

ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ (മത്തായി 6:12).

നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ, നിൻെറ

സഹോദരന് നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെവച്ച് ഓർത്താൽ, കാഴ്ചവസ്തു അവിടെ ബലിപീഠത്തിനു മുമ്പിൽ വച്ചിട്ട് പോയി സഹോദരനോടു രമ്യതപ്പെടുക; പിന്നെ വന്നു കാഴ്ചയർപ്പിക്കുക (മത്തായി 5:23–24).

63. **ദുഷ്ട കൂട്ടുകെട്ടുകൾ**

നിങ്ങൾ അവിശ്വാസികളുമായി കൂട്ടുചേരരുത്. നീതിയും അനീതിയും തമ്മിൽ എന്തു പങ്കാളിത്തമാണുള്ളത്?പ്രകാശത്തിന് അന്ധകാരവുമായി എന്തു കൂട്ടുകെട്ടാണുള്ളത്? (2 കോറിന്തോസ് 6:14).

മകനേ, നീ അവരുടെ വഴിയേ പോകരുത്; അവരുടെ മാർഗത്തിൽനിന്ന്ഒഴിഞ്ഞുമാറുക. അവരുടെ പാദങ്ങൾ തിൻമയിലേക്കുപായുന്നു; ചോരചിന്താൻ അവർ വെമ്പൽകൊള്ളുന്നു. (സുഭാഷിതങ്ങൾ 1 :15–16)

64. **ദുഷ്ട കൂട്ടുകെട്ടുകൾ**

ദുഷ്ടരെക്കുറിച്ച് അസൂയതോന്നരുത്; അവരോടു കൂട്ടുകൂടാൻ ആഗ്രഹിക്കുകയുമരുത് (സുഭാഷിതങ്ങൾ 24:1)

ജ്ഞാനി ആപത്തു കണ്ടറിഞ്ഞ് ഒഴിഞ്ഞുമാറുന്നു; അൽപബുദ്ധി മുൻപോട്ടു പോയി ദുരന്തം വരിക്കുന്നു (സുഭാഷിതങ്ങൾ 22:3)

പാമ്പാട്ടിയെ പാമ്പു കടിച്ചാൽ ആർക്കു സഹതാപം തോന്നും? പാപിയുമായി സഹവസിക്കുകയും

പാപങ്ങളിൽ മുഴുകുകയും
ചെയ്യുന്നവനോട് ആർക്കും
സഹതാപം തോന്നുകയില്ല
(പ്രഭാഷകൻ 12:13–14).

65. **നിരാശ**

നീ അമിതമായി ദുഃഖിക്കുകയോ
നിന്നെത്തന്നെ മനഃപൂർവം
പീഡിപ്പിക്കുകയോ
അരുത്. ഹൃദയാനന്ദം ഒരുവൻെറ
ജീവനും സന്തോഷം അവൻെറ
ആയുസ്സും ആണ്. ദുഃഖമകറ്റി
ആത്മാവിനെ
സന്തോഷിപ്പിക്കുകയും ഹൃദയത്തെ
ആശ്വസിപ്പിക്കുകയും ചെയ്യുക;
ദുഃഖം അനേകരെ നശിപ്പിച്ചിട്ടുണ്ട്;
അത് നിഷ്പ്രയോജനമാണ്
(പ്രഭാഷകൻ 30:21–23).

66. **നിരാശ**

പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല.
കാരണം, നമുക്കു
നൽകപ്പെട്ടിരിക്കുന്ന
പരിശുദ്ധാത്മാവിലൂടെ
ദൈവത്തിൻെറ സ്നേഹം നമ്മുടെ
ഹൃദയങ്ങളിലേക്കു
ചൊരിയപ്പെട്ടിരിക്കുന്നു (റോമാ 5:5).

സ്വപുത്രനെപ്പോലും ഒഴിവാക്കാതെ,
നമുക്കെല്ലാവർക്കുംവേണ്ടി അവനെ
ഏൽപിച്ചുതന്നവൻ
അവനോടുകൂടെ സമസ്തവും
നമുക്കു ദാനമായി
നൽകാതിരിക്കുമോ? (റോമാ 8:32).

67. **നിരാശ**

ദൈവത്തിൻെറ ശക്തമായ
കരത്തിൻകീഴിൽ, നിങ്ങൾ
താഴ്മയോടെ നിൽക്കുവിൻ.
അവിടുന്നു തക്കസമയത്തു
നിങ്ങളെ ഉയർത്തിക്കൊള്ളും.

നിങ്ങളുടെ ഉത്കണ്ഠകളെല്ലാം അവിടുത്തെ ഏൽപിക്കുവിൻ. അവിടുന്നു നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ് (1 പത്രോസ് 5:6).

നിൻെറ എല്ലാ പ്രവൃത്തികളും ദൈവവിചാരത്തോടെയാകട്ടെ; അവിടുന്ന് നിനക്ക് വഴി തെളിച്ചുതരും (സുഭാഷിതങ്ങൾ 3:6).

68. **നൻമ ചെയ്യുക**

നിനക്കു ചെയ്യാൻ കഴിവുള്ള നൻമ, അതു ലഭിക്കാൻ അവകാശമുള്ളവർക്കു നിഷേധിക്കരുത് (സുഭാഷിതങ്ങൾ 3:27).

ചെയ്യേണ്ട നൻമ ഏതാണെന്നറിഞ്ഞിട്ടും അതു ചെയ്യാതിരിക്കുന്നവൻ പാപം ചെയ്യുന്നു (യാക്കോബ് 4:17).

69. **യേശു നൽകുന്ന സന്തോഷം**

ഇതുവരെ നിങ്ങൾ എൻെറ നാമത്തിൽ ഒന്നുംതന്നെ ചോദിച്ചിട്ടില്ല. ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അതുമൂലം നിങ്ങളുടെ സന്തോഷം പൂർണമാവുകയും ചെയ്യും (യോഹന്നാൻ 16:24).

നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും; എന്നാൽ ലോകം സന്തോഷിക്കും. നിങ്ങൾ ദുഃഖിതരാകും; എന്നാൽ, നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും (യോഹന്നാൻ 16:20).

70. **കർത്താവിൽ ആനന്ദിക്കുക**

ദൈവത്തിൽ വിശ്വാസമർപ്പിച്ചു നൻമ ചെയ്യുക; അപ്പോൾ ഭൂമിയിൽ സുരക്ഷിതനായി വസിക്കാം. കർത്താവിൽ ആനന്ദിക്കുക; അവിടുന്നു നിൻെറ ആഗ്രഹങ്ങൾ സാധിച്ചു തരും
(സങ്കീർത്തനങ്ങൾ 37:3–4).

ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അന്വേഷിക്കു വിൻ,നിങ്ങൾ കണ്ടെത്തും; മുട്ടു വിൻ, നിങ്ങൾക്കു തുറന്നുകിട്ടും (മത്തായി 7:7).

71. **കഠിന ഹൃദയം**

നിൻെറ ഹൃദയത്തിൽനിന്നു ദുഷ്ടത കഴുകിക്കളയുക; എന്നാൽ, നീ രക്ഷപെടും. എത്രനാളാണു നീ ദുഷിച്ച ചിന്തകളും പേറിനടക്കുക? (ജറെമിയാ 4:14).

വായിൽനിന്നു വരുന്നത് ഹൃദയത്തിൽ നിന്നാണു പുറപ്പെടുന്നത്. അതു മനുഷ്യനെ അശുദ്ധനാക്കുന്നു (മത്തായി 15:18).

72. **കഠിന ഹൃദയം**

ഹൃദയം മറ്റെന്തിനെക്കാളും കാപട്യമുള്ളതാണ്; ശോചനീയമാംവിധം ദുഷിച്ചതുമാണ്. അതിനെ ആർക്കാണു മനസ്സിലാക്കാൻ കഴിയുക?. കർത്താവായ ഞാൻ മനസ്സിനെ പരിശോധിക്കുകയും ഹൃദയത്തെ പരീക്ഷിക്കുകയും ചെയ്യുന്നു. ഓരോ മനുഷ്യനും അവൻെറ ജീവിതരീതിക്കും പ്രവൃത്തിക്കും അനുസരിച്ച് ഞാൻ പ്രതിഫലം
നൽകും (ജറെമിയാ 17:9–10).

73. **കഠിന ഹൃദയം**

വായിൽനിന്നു വരുന്നത് ഹൃദയത്തിൽ നിന്നാണു പുറപ്പെടുന്നത്. അതു മനുഷ്യനെ അശുദ്ധനാക്കുന്നു. ദുശ്ചിന്തകൾ, കൊലപാതകം, പരസംഗം, വ്യഭിചാരം, മോഷണം, കള്ളസാക്ഷ്യം, പരദൂഷണം എന്നിവയെല്ലാം ഹൃദയത്തിൽ നിന്നാണ് പുറപ്പെടുന്നത്. (മത്തായി 15:18–19).

74. **ഹൃദയ വിശുദ്ധി**

നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും (മത്തായി 6:21).

സന്തുഷ്ടഹൃദയം ആരോഗ്യദായകമാണ്; തളർന്ന മനസ്സ് ആരോഗ്യം കെടുത്തുന്നു (സുഭാഷിതങ്ങൾ 17:22).

ക്രിസ്തുവിനെ കർത്താവായി നിങ്ങളുടെ ഹൃദയത്തിൽ പൂജിക്കുവിൻ. (1 പത്രോസ് 3:15).

75. **ഹൃദയ വിശുദ്ധി**

നല്ല മനുഷ്യൻ തൻെറ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽ നിന്നു നൻമ പുറപ്പെടുവിക്കുന്നു. ചീത്ത മനുഷ്യൻ തിൻമയിൽ നിന്നു തിൻമ പുറപ്പെടുവിക്കുന്നു. ഹൃദയത്തിൻെറ നിറവിൽ നിന്നാണല്ലോ അധരം സംസാരിക്കുന്നത് (ലൂക്കാ 6:45).

നിൻെറ ഹൃദയത്തെ ജാഗരൂകതയോടെ കാത്തു

സൂക്ഷിക്കുക; ജീവൻെറ ഉറവകൾ അതിൽനിന്നാണൊഴുകുന്നത് (സുഭാഷിതങ്ങൾ 4:23).

76. **വിശുദ്ധ ബൈബിൾ**

ന്യായപ്രമാണഗ്രന്ഥം എപ്പോഴും നിന്റെ അധരത്തിലുണ്ടായിരിക്കണം. അതിൽ എഴുതിയിരിക്കുന്നതെല്ലാം പാലിക്കാൻ നീ ശ്രദ്ധിക്കണം അതിനെക്കുറിച്ച് രാവും പകലും ധ്യാനിക്കണം. അപ്പോൾ നീ അഭിവൃദ്ധി പ്രാപിക്കുകയും വിജയം വരിക്കുകയും ചെയ്യും (ജോഷ്വ 1:8).

തന്റെ കൽപനകളും പ്രമാണങ്ങളും പ്രവേശിക്കാൻ അവിടുന്ന് നിങ്ങളുടെ ഹൃദയം തുറക്കുകയും നിങ്ങൾക്കു സമാധാനം നൽകുകയും ചെയ്യട്ടെ! (2 മക്കബായർ 1:4).

77. **വി.കുർബാന അയോഗ്യതയോടെ സ്വീകരിക്കുന്നത്**

ആരെങ്കിലും അയോഗ്യതയോടെ കർത്താവിൻെറ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽനിന്നു പാനംചെയ്യുകയും ചെയ്താൽ അവൻ കർത്താവിൻെറ ശരീരത്തിനും രക്തത്തിനും എതിരേ തെറ്റുചെയ്യുന്നു. അതിനാൽ, ഓരോരുത്തരും ആത്മശോധന ചെയ്തതിനുശേഷം ഈ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽനിന്നു പാനംചെയ്യുകയും ചെയ്യട്ടെ. എന്തുകൊണ്ടെന്നാൽ, ശരീരത്തെ വിവേചിച്ചറിയാതെ ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്യുന്നവൻ തൻെറ തന്നെ ശിക്ഷാവിധിയാണു ഭക്ഷിക്കുന്നതും പാനംചെയ്യുന്നതും. നിങ്ങളിൽ

പലരും രോഗികളും ദുർബലരും ആയിരിക്കുന്നതിനും ചിലർ മരിച്ചുപോയതിനും കാരണമിതാണ് (1 കോറിന്തോസ് 11:27–30).

78. **വി.കുർബാന യോഗ്യതയോടെ സ്വീകരിക്കുക**

എൻെറ ശരീരം ഭക്ഷിക്കുകയും എൻെറ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവസാന ദിവസം ഞാൻ അവനെ ഉയിർപ്പിക്കും. എന്തെന്നാൽ, എൻെറ ശരീരംയഥാർഥ ഭക്ഷണമാണ്. എൻെറ രക്തംയഥാർഥ പാനീയവുമാണ്. എൻെറ ശരീരം ഭക്ഷിക്കുകയും എൻെറ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു
(യോഹന്നാൻ 6:54–56).

79. **പരിശുദ്ധാത്മാവിലുളള ആശ്രയം**

നമ്മുടെ ബലഹീനതയിൽ ആത്മാവ് നമ്മെ സഹായിക്കുന്നു.
(റോമാ 8:26).

പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. കാരണം, നമുക്കു നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിൻെറ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു (റോമാ 5:5).

80. **പരിശുദ്ധാത്മാവിലുളള ആശ്രയം**

പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും
(അപ്പ.പ്രവർത്തനങ്ങൾ 1:8)

എൻെറ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാകാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയുംചെയ്യും (യോഹന്നാൻ 14:26).

81. **സ്വയംഭോഗം, സ്വവർഗ്ഗഭോഗം**

അവരുടെ സ്ത്രീകൾ സ്വാഭാവിക ബന്ധങ്ങൾക്കു പകരം പ്രകൃതി വിരുദ്ധ ബന്ധങ്ങളിലേർപ്പെട്ടു. അതുപോലെ പുരുഷൻമാർ സ്ത്രീകളുമായുള്ള സ്വാഭാവികബന്ധം ഉപേക്ഷിക്കുകയും പരസ്പരാസക്തിയാൽ ജ്വലിച്ച് അന്യോന്യം ലജ്ജാകരകൃത്യങ്ങളിൽ ഏർപ്പെടുകയും ചെയ്തു. തങ്ങളുടെ തെറ്റിന് അർഹമായ ശിക്ഷ അവർക്കു ലഭിച്ചു (റോമാ 1:26–27).

82. **സ്വയംഭോഗം, സ്വവർഗ്ഗഭോഗം**

സ്ത്രീയോടുകൂടെയെന്നതുപോലെ പുരുഷനോടുകൂടെ നീ ശയിക്കരുത്. അതു മ്ലേച്ഛതയാകുന്നു (ലേവ്യർ 18:22).

ഒരിക്കൽ നിങ്ങൾ നിങ്ങളുടെ അവയവങ്ങളെ അശുദ്ധിക്കും അനീതിക്കും അടിമകളായി സമർപ്പിച്ചതുപോലെ, ഇപ്പോൾ അവയെ വിശുദ്ധീകരണത്തിനു വേണ്ടി നീതിക്ക് അടിമകളായി സമർപ്പിക്കുവിൻ (റോമാ 6:19).

83. **സത്യസന്ധമായി ജീവിക്കുക**

മരിക്കേണ്ടി വന്നാലും സത്യം വെടിയരുത്; ദൈവമായ കർത്താവ്

നിനക്കുവേണ്ടി പൊരുതിക്കൊള്ളും (പ്രഭാഷകൻ 4:28).

ധർമമാർഗത്തിൽ ചരിക്കുന്നവൻ സുരക്ഷിതനായിരിക്കും; ദുർമാർഗത്തിൽ ചരിക്കുന്നവൻ കുഴിയിൽ വീഴും (സുഭാഷിതങ്ങൾ 28:18).

84. **സത്യസന്ധമായി ജീവിക്കുക**

നീ സജ്ജനങ്ങളുടെവഴിയിൽ സഞ്ചരിക്കുക; നീതിമാൻമാരുടെ മാർഗത്തിൽ നിന്ന് വ്യതിചലിക്കരുത് (സുഭാഷിതങ്ങൾ 2:20).

സത്യസന്ധരുടെ വിശ്വസ്തത അവർക്കു വഴികാട്ടുന്നു; വഞ്ചകരുടെ വക്രത അവരെ നശിപ്പിക്കുന്നു (സുഭാഷിതങ്ങൾ 11:3).

നൻമയും നീതിയും അനുഷ്ഠിക്കുന്നതാണ്, കർത്താവിനു ബലിയെക്കാൾ സ്വീകാര്യം (സുഭാഷിതങ്ങൾ 21:3).

85. **പ്രത്യാശ**

പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. കാരണം, നമുക്കു നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിൻെറ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു (റോമാ 5:5).

കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങളെക്കുറിച്ചുള്ള പദ്ധതി എൻെറ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത് – നിങ്ങൾക്കു ശുഭമായ ഭാവിയും പ്രത്യാശയും

നൽകുന്ന പദ്ധതി (ജറെമിയാ 29:11).

86. **ഈ ലോകത്തിലെ സമ്പാദ്യം**

ഭൂമിയിൽ നിക്ഷേപം കരുതിവയ്ക്കരുത്. തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും; കള്ളൻമാർ തുരന്നു മോഷ്ടിക്കും. എന്നാൽ, സ്വർഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതിവയ്ക്കുക. അവിടെ തുരുമ്പും കീടങ്ങളും അവനശിപ്പിക്കുകയില്ല; കള്ളൻമാർ മോഷ്ടിക്കുകയില്ല. നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും (മത്തായി 6:19–21).

87. **ഈ ലോകത്തിലെ സമ്പാദ്യം**

ദൈവം അവനോടു പറഞ്ഞു: ഭോഷാ, ഈ രാത്രി നിൻെറ ആത്മാവിനെ നിന്നിൽനിന്ന് ആവശ്യപ്പെടും; അപ്പോൾ നീ ഒരുക്കിവെച്ചിരിക്കുന്നവ ആരുടേതാകും? ഇതുപോലെയാണ് ദൈവസന്നിധിയിൽ സമ്പന്നനാകാതെ തനിക്കുവേണ്ടി സമ്പത്തു ശേഖരിച്ചുവയ്ക്കുന്നവനും (ലൂക്കാ 12:20–21)

88. **അസൂയ**

എവിടെ അസൂയയും സ്വാർഥമോഹവും ഉണ്ടോ അവിടെ ക്രമക്കേടും എല്ലാ ദുഷ്കർമങ്ങളും ഉണ്ട് (യാക്കോബ് 3:16).

നിൻെറ ഹൃദയത്തിൽനിന്നു ദുഷ്ടത കഴുകിക്കളയുക; എന്നാൽ, നീ രക്ഷപെടും. എത്രനാളാണു നീ ദുഷിച്ച ചിന്തകളും പേറിനടക്കുക? (ജറെമിയാ 4:14).

89. **അസൂയ**

അസൂയ ശവക്കുഴിപോലെ ക്രൂരവുമാണ്. അതിൻെറ ജ്വാലകൾ തീജ്ജ്വാലകളാണ്, അതിശക്തമായ തീജ്ജ്വാല (ഉത്തമഗീതം 8:6).

പ്രശാന്തമായ മനസ്സ് ശരീരത്തിന്ഉൻമേഷം നൽകുന്നു; അസൂയ അസ്ഥികളെ ജീർണിപ്പിക്കുന്നു (സുഭാഷിതങ്ങൾ 14:30).

സ്നേഹം അസൂയപ്പെടുന്നില്ല. ആത്മപ്രശംസ ചെയ്യുന്നില്ല, അഹങ്കരിക്കുന്നില്ല (1 കോറിന്തോസ് 13:4).

90. **യേശു കർത്താവാണെന്ന് ഏറ്റുപറയുക**

യേശു കർത്താവാണ് എന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്നു ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷപ്രാപിക്കും (റോമാ 10:9).

അടിമത്തത്തിൻെറ ഭവനമായ ഈജിപ്തിൽനിന്നു നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിൻെറ ദൈവമായ കർത്താവ്. ഞാനല്ലാതെ വേറെ ദേവൻമാർ നിനക്കുണ്ടാകരുത് (പുറപ്പാട് 20:2–3).

91. **രക്ഷ പ്രാപിക്കാൻ**

കർത്താവായ യേശുവിൽ വിശ്വസിക്കുക; നീയും നിൻെറ കുടുംബവും രക്ഷപ്രാപിക്കും (അപ്പ.പ്രവർത്തനങ്ങൾ 16:31).
നേരായ മാർഗത്തിൽ

ചരിക്കുന്നവനു ദൈവത്തിൻെറ രക്ഷ ഞാൻ കാണിച്ചുകൊടുക്കും (സങ്കീർത്തനങ്ങൾ 50:23).

92. **രക്ഷ പ്രാപിക്കാൻ**

യേശു കർത്താവാണ് എന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്നു ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷപ്രാപിക്കും (റോമാ 10:9).

തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടെയും മേൽ അവിടുന്നു തൻെറ സമ്പത്തു വർഷിക്കുന്നു. എന്തെന്നാൽ, കർത്താവിൻെറ നാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവരും രക്ഷപ്രാപിക്കും (റോമാ 10:12–13).

93. **ജോലിയിൽ ആത്മാർതതയും, വിശ്വസ്തതയും കാണിക്കുക**

നിങ്ങളുടെ ജോലി എന്തുതന്നെയായിരുന്നാലും മനുഷ്യനെയല്ല, ദൈവത്തെ സേവിക്കുന്നതുപോലെ ഹൃദയപരമാർഥതയോടെ ചെയ്യുവിൻ (കൊളോസോസ് 3:23).

ചെയ്യാനുള്ളത് സർവ്വ ശക്തിയോടും കൂടെ ചെയ്യുക . എന്തെന്നാൽ നീ ചെന്നു ചേരേണ്ട പാതാളത്തിൽ ജോലിക്കോ ചിന്തയ്ക്കോ വിജ്ഞാനത്തിനോ അറിവിനോ സ്ഥാനമില്ല (സഭാപ്രസംഗകൻ 9:10).

94. **ജോലിയിൽ ആത്മാർത്ഥതയും, വിശ്വസ്ഥതയും കാണിക്കുക**

നിന്റെ ദൈവമായ കർത്താവു നീ ചെയ്യുന്ന എല്ലാ ജോലികളിലും നീ

ആരംഭിക്കുന്ന എല്ലാ പ്രവർത്തികളിലും നിന്നെ അനുഗ്രഹിക്കും (നിമാവർത്തനം 15:10).

എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും (ഫിലിപ്പി 4:13).

95. **നുണ പറയുന്നത്**

ജീവിതത്തെ സ്നേഹിക്കുകയും നല്ല ദിവസങ്ങൾ കാണാൻ ആഗ്രഹിക്കുകയും ചെയ്യുന്നവൻ തിൻമയിൽനിന്നു തൻെറ നാവിനെയും വ്യാജം പറയുന്നതിൽനിന്നു തൻെറ അധരത്തെയും നിയന്ത്രിക്കട്ടെ (1 പത്രോസ് 3:10).

നിങ്ങൾ മോഷ്ടിക്കുകയോ വഞ്ചിക്കുകയോ പരസ്പരം വ്യാജം പറയുകയോ അരുത് (ലേവ്യർ 19:11).

96. **നുണ പറയുന്നത്**

കള്ളം പറയുന്ന അധരങ്ങൾ കർത്താവിനു വെറുപ്പാണ്; വിശ്വസ്തതയോടെ പെരുമാറുന്നവർഅവിടുത്തെ സന്തോഷിപ്പിക്കുന്നു (സുഭാഷിതങ്ങൾ 12:22).

വ്യാജം പറയുന്നവരെ അങ്ങ് നശിപ്പിക്കുന്നു; രക്തദാഹികളെയും വഞ്ചകരെയും കർത്താവു വെറുക്കുന്നു (സങ്കീർത്തനങ്ങൾ 5:6).

97. **കള്ളം പറയുന്നത്**

പരസ്പരം കള്ളംപറയരുത്. പഴയ

മനുഷ്യനെ അവൻെറ ചെയ്തികളോടുകൂടെ നിഷ്കാസനം ചെയ്യുവിൻ (കൊളോസോസ് 3:9).

സത്യസന്ധരുടെ വിശ്വസ്തത അവർക്കു വഴികാട്ടുന്നു; വഞ്ചകരുടെ വക്രത അവരെ നശിപ്പിക്കുന്നു (സുഭാഷിതങ്ങൾ 11:3).

98. **ഏകാന്തത അനുഭവപ്പെടുമ്പോൾ**

ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുത്തേക്കു വരും (യോഹന്നാൻ 14:18)

മനുഷ്യനിൽ ആശ്രയിക്കുന്നതിനെക്കാൾ കർത്താവിൽ അഭയം തേടുന്നതു നല്ലത് (സങ്കീർത്തനങ്ങൾ 118:8).

99. **പ്രേമത്തിലൂടെ തകരുന്ന ജീവിതം**

പ്രേമം മരണത്തെപ്പോലെ ശക്തമാണ് (റോമാ 6:22). പാപത്തിൻെറ വേതനം മരണമാണ് (ഉത്തമഗീതം 8:6). അവർ തിൻമയെ ഗർഭംധരിച്ച് അനീതിയെ പ്രസവിക്കുന്നു (ഏശയ്യാ 59:4).

100. **പ്രേമത്തിലൂടെ തകരുന്ന ജീവിതം**

ശരിയെന്നു തോന്നിയ വഴിമരണത്തിലേക്കു നയിക്കുന്നതാവാം (സുഭാഷിതങ്ങൾ 16:25).

താൻ കുഴിച്ച കുഴിയിൽ താൻതന്നെ വീഴും; താനുരുട്ടുന്ന കഷ്ട് തൻെറ മേൽത്തന്നെ വിഴും

(സുഭാഷിതങ്ങൾ 26:27).
ജറുസലെംപുത്രിമാരേ, ഞാൻ കെഞ്ചുന്നു: സമയമാകും മുമ്പ് നിങ്ങൾ പ്രേമത്തെ തട്ടിയുണർത്തരുതേ, ഇളക്കിവിടരുതേ (ഉത്തമഗീതം 8:4).

101. **പ്രേമത്തിലൂടെ തകരുന്ന ജീവിതം**

ഭ്രമിപ്പിക്കുന്ന മോഹങ്ങൾ നിഷ്കളങ്കഹൃദയത്തെ വഴിതെറ്റിക്കുന്നു (ജ്ഞാനം 4:12).

ആലോചനകൂടാതെ ഒന്നും പ്രവർത്തിക്കരുത്; പശ്ചാത്തപിക്കാൻ ഇടയാവുകയില്ല (പ്രഭാഷകൻ 32:19).

102. **പരസ്പ്പരം സ്നേഹിക്കുവിൻ**

ഞാൻ പുതിയൊരു കൽപന നിങ്ങൾക്കു നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ (യോഹന്നാൻ 13:34–35).

സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. കാരണം, ദൈവം സ്നേഹമാണ് (1 യോഹന്നാൻ 4:8).

103. **പരസ്പ്പരം സ്നേഹിക്കുവിൻ**

നിങ്ങൾ ശത്രുക്കളെ സ്നേഹിക്കുവിൻ. തിരിച്ചു കിട്ടും എന്നു പ്രതീക്ഷിക്കാതെ മറ്റുള്ളവർക്കു നൻമചെയ്യുകയും വായ്പ കൊടുക്കുകയും ചെയ്യുവിൻ. അപ്പോൾ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും. നിങ്ങൾ അത്യുന്നതൻെറ പുത്രൻമാരായിരിക്കുകയും ചെയ്യും.

കാരണം, അവിടുന്നു നന്ദിഹീനരോടും ദുഷ്ടരോടും കരുണ കാണിക്കുന്നു (ലൂക്കാ 6:35).

104. **ദൈവത്തെ സ്നേഹിക്കുകയും, സഹോദരനെ വെറുക്കുകയും ചെയ്യുന്നത്**

ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്ന് ആരെങ്കിലും പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ, അവൻ കള്ളം പറയുന്നു. കാരണം, കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല (1 യോഹന്നാൻ 4:20).

105. **മറ്റുള്ളവർ തിരസ്ക്കരിക്കുമ്പോഴും ദൈവത്തിൻെറ അചഞ്ചലമായ സ്നേഹം ലഭിക്കുന്നു**

കർത്താവിൻെറ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല; അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല. ഓരോ പ്രഭാതത്തിലും അതു പുതിയതാണ്. അവിടുത്തെ വിശ്വസ്തത ഉന്നതമാണ് (വിലാപങ്ങൾ 3:22–23).

നിന്നോടു കരുണയുള്ള കർത്താവ് അരുളിച്ചെയ്യുന്നു: മലകൾ അകന്നുപോയേക്കാം; കുന്നുകൾ മാറ്റപ്പെട്ടേക്കാം. എന്നാൽ, എൻെറ അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല; എൻെറ സമാധാന ഉടമ്പടിക്കു മാറ്റം വരുകയുമില്ല (ഏശയ്യാ 54:10).

106. **മറ്റുള്ളവർ തിരസ്ക്കരിക്കുമ്പോഴും ദൈവത്തിൻെറ അചഞ്ചലമായ**

**സ്നേഹം നമ്മോടൊപ്പമുണ്ട്**

മുലകുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്കു മറക്കാനാവുമോ? പുത്രനോടു പെറ്റമ്മ കരുണ കാണിക്കാതിരിക്കുമോ? അവൾ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല. ഇതാ, നിന്നെ ഞാൻ എന്റെ ഉള്ളംകൈയിൽ രേഖപ്പെടുത്തിയിരിക്കുന്നു (ഏശയ്യാ 49:15–16).

107. **മറ്റുള്ളവർ തിരസ്ക്കരിക്കപ്പെടുമ്പോഴും ദൈവത്തിന്റെ സ്നേഹം നമ്മോടൊപ്പമുണ്ട്**

നാം പാപികളായിരിക്കേ, ക്രിസ്തു നമുക്കുവേണ്ടി മരിച്ചു. അങ്ങനെ നമ്മോടുള്ള തന്റെ സ്നേഹം ദൈവം പ്രകടമാക്കിയിരിക്കുന്നു (റോമാ 5:8).

ദുഷ്ടർ അനുഭവിക്കേണ്ട വേദനകൾ വളരെയാണ്; കർത്താവിൽ ആശ്രയിക്കുന്നവനെ അവിടുത്തെ സ്നേഹം വലയംചെയ്യും (സങ്കീർത്തനങ്ങൾ 32:10).

108. **ദൈവസ്നേഹം**

അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹന്നാൻ 3:16).

നമ്മൾ പാപംവഴി മരിച്ചവരായിരുന്നിട്ടും കരുണാസമ്പന്നനായ ദൈവം

നമ്മോടു കാണിച്ച മഹത്തായ സ്നേഹത്താൽ, ക്രിസ്തുവിനോടു കൂടെ നമ്മെ ജീവിപ്പിച്ചു; കൃപയാൽ നിങ്ങൾ രക്ഷിക്കപ്പെട്ടു (എഫേസോസ് 2:4 –5).

109. **ദൈവസ്നേഹം**

വിദൂരത്തിൽ നിന്നു കർത്താവ് അവനു പ്രത്യക്ഷനായി അരുളിച്ചെയ്തു: എനിക്കു നിന്നോടുള്ള സ്നേഹം അനന്തമാണ്; നിന്നോടുള്ള വിശ്വസ്തത അചഞ്ചലവും (ജറെമിയാ 31:3).

നാം പാപികളായിരിക്കേ, ക്രിസ്തു നമുക്കുവേണ്ടി മരിച്ചു. അങ്ങനെ നമ്മോടുള്ള തൻെറ സ്നേഹം ദൈവം പ്രകടമാക്കിയിരിക്കുന്നു (റോമാ 5:8).

110. **ആർഭാടങ്ങളും, പേരും, പ്രശസ്തിയും**

നിങ്ങൾ ഭൂമിയിൽ ആഡംബരപൂർവം സുഖലോലുപരായി ജീവിച്ചു. കൊലയുടെ ദിവസത്തേക്കു നിങ്ങളുടെ ഹൃദയങ്ങളെ നിങ്ങൾ കൊഴുപ്പിച്ചിരിക്കുന്നു (യാക്കോബ് 5:5).

നീ എത്ര ഉന്നതനാണോ അത്രമാത്രം വിനീതനാവുക; അപ്പോൾ കർത്താവിൻെറ കൃപയ്ക്കു നീ പാത്രമാകും (പ്രഭാഷകൻ 3:18–19).

111. **ആർഭാടങ്ങളും, പേരും, പ്രശസ്തിയും**

മറ്റുള്ളവരെ കാണിക്കാൻവേണ്ടി

അവരുടെ മുമ്പിൽവച്ചു നിങ്ങളുടെ സത്കർമങ്ങൾ അനുഷ്ഠിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ. അല്ലെങ്കിൽ നിങ്ങളുടെ സ്വർഗസ്ഥനായ പിതാവിങ്കൽ നിങ്ങൾക്കു പ്രതിഫലമില്ല (മത്തായി 6:1).

112. **വിവാഹ ജീവിതം**

സൃഷ്ടിയുടെ ആരംഭം മുതലേ ദൈവം അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു. ഇക്കാരണത്താൽ, പുരുഷൻ പിതാവിനെയും മാതാവിനെയും വിടുകയും അവർ ഇരുവരും ഒരു ശരീരമായിത്തീരുകയും ചെയ്യും. പിന്നീടൊരിക്കലും അവർ രണ്ടല്ല, ഒറ്റ ശരീരമായിരിക്കും. അതിനാൽ, ദൈവം സംയോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ (മർക്കോസ് 10:6–9).

113. **വിവാഹ ജീവിതം**

രണ്ടുപേർ ഒരാളെക്കാൾ മെച്ചമാണ്. കാരണം അവർക്ക് ഒരുമിച്ച് കൂടുതൽ ഫലപ്രദമായി അധ്വാനിക്കാൻ കഴിയും. അവരിൽ ഒരുവൻ വീണാൽ അപരനു താങ്ങാൻ കഴിയും. ഒറ്റയ്ക്കായിരിക്കുന്നവൻ വീണാൽ താങ്ങാനാരുമില്ല. അവൻെറ കാര്യം കഷ്ടമാണ് (സഭാപ്രസംഗകൻ 4:9–10)

114. **ദാമ്പത്യ ജീവിതത്തിൽ നിഷ്കളങ്കമായ സ്നേഹം അത്യാവശ്യം**

കർത്താവേ, ഞാൻ ഇവളെ സ്വീകരിക്കുന്നത് ജഡികമായ അഭിലാഷത്താലല്ല, നിഷ്കളങ്കമായ പ്രേമത്താലാണ്. അങ്ങയുടെ കാരുണ്യം എനിക്ക് ഉണ്ടാകണമേ! ഇവളോടൊത്തു വാർദ്ധക്യത്തിലെത്തുന്നതിന് അവിടുന്ന് അനുഗ്രഹിച്ചാലും! 8:8 അവൾ ആമേൻ എന്ന് ഏറ്റുപറഞ്ഞു (തോബിത് 8:7).

115. **ദാമ്പത്യ ജീവിതത്തിൽ നിഷ്കളങ്കമായ സ്നേഹം അത്യാവശ്യം**

ഞാൻ നിങ്ങളോടപേക്ഷിക്കുന്നു. നിങ്ങൾക്കു ലഭിച്ച വിളിക്കു യോഗ്യമായ ജീവിതം നയിക്കുവിൻ, പൂർണ്ണമായ വിനയത്തോടും ശാന്തതയോടും ദീർഘക്ഷമയോടും കൂടെ സ്നേഹപൂർവ്വം അന്യോന്യം സഹിഷ്ണുതയോടെ വർത്തിക്കുവിൻ. സമാധാനത്തിന്റെ ബന്ധത്തിൽ ആത്മാവിന്റെ ഐക്യം നിലനിർത്താൻ  ജാഗരൂകരായിരിക്കുവിൻ (എഫേസോസ് 4:1–3).

116. **ദൈവത്തിൻെറ കരുണ**

കർത്താവ് അരുളിച്ചെയ്യുന്നു: വരുവിൻ, നമുക്കു രമ്യതപ്പെടാം. നിങ്ങളുടെ പാപങ്ങൾ കടുംചെമപ്പാണെങ്കിലും അവ മഞ്ഞുപോലെ വെൺമയുള്ളതായിത്തീരും. അവ രക്ത വർണമെങ്കിലും കമ്പിളിപോലെ വെളുക്കും (ഏശയ്യാ 1:18).

നിൻെറ തെറ്റുകൾ തുടച്ചുമാറ്റുന്ന ദൈവം ഞാൻ തന്നെ; നിൻെറ പാപങ്ങൾ ഞാൻ ഓർക്കുകയില്ല (ഏശയ്യാ 43:25).

117. **ദൈവത്തിൻെറ കരുണ**

കർത്താവ് ആർദ്രഹൃദയനുംകരുണാമയനുമാണ്. അവിടുന്ന് പാപങ്ങൾ ക്ഷമിക്കുകയുംകഷ്ടതയുടെ ദിനങ്ങളിൽരക്ഷയ്ക്കെത്തുകയും ചെയ്യുന്നു (പ്രഭാഷകൻ 2:11).

അവരുടെ അനീതികളുടെ നേർക്കു ഞാൻ കരുണയുള്ളവനായിരിക്കും. അവരുടെ പാപങ്ങൾ ഞാൻ ഒരിക്കലും ഓർക്കുകയുമില്ല (ഹെബ്രായർ 8:12)

118. **ദൈവത്തിൻെറ കരുണ**

നമ്മുടെ തിൻമകൾക്ക് അവിടുന്ന് നമ്മെ ശിക്ഷിക്കും. എന്നാൽ, അവിടുന്ന് വീണ്ടും കരുണ ചൊരിയും (തോബിത് 13:5).

നിമിഷനേരത്തേക്കു നിന്നെ ഞാൻ ഉപേക്ഷിച്ചു. മഹാകരുണയോടെ നിന്നെ ഞാൻ തിരിച്ചുവിളിക്കും (ഏശയ്യാ 54:7).

നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ (ലൂക്കാ 6:36)

119. **കരുണ കാണിക്കുക**

ദൈവം ക്രിസ്തുവഴി നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും പരസ്പരം ക്ഷമിച്ചും കരുണകാണിച്ചും ഹൃദയാർദ്രതയോടെ പെരുമാറുവിൻ (എഫേസോസ് 4:32).

കാരുണ്യം കാണിക്കാത്തവൻെറ മേൽ കാരുണ്യരഹിതമായ വിധിയുണ്ടാകും. എങ്കിലും, കാരുണ്യം വിധിയുടെ മേൽ വിജയം വരിക്കുന്നു (യാക്കോബ് 2:13).

120. **കരുണ കാണിക്കുക**

കരുണയും വിശ്വസ്തതയും നിന്നെ പിരിയാതിരിക്കട്ടെ. അവയെ നിൻെറ കഴുത്തിൽ ധരിക്കുക; ഹൃദയഫലകത്തിൽ രേഖപ്പെടുത്തുകയുംചെയ്യുക (സുഭാഷിതങ്ങൾ 3:3).

മനുഷ്യാ, നല്ലതെന്തെന്ന് അവിടുന്ന് നിനക്കു കാണിച്ചുതന്നിട്ടുണ്ട്. നീതി പ്രവർത്തിക്കുക; കരുണ കാണിക്കുക; നിൻെറ ദൈവത്തിൻെറ സന്നിധിയിൽ വിനീതനായി ചരിക്കുക. ഇതല്ലാതെ മറ്റെന്താണ് കർത്താവ് നിന്നിൽനിന്ന് ആവശ്യപ്പെടുന്നത്? (മിക്കാ 6:8).

121. **തെറ്റുകൾ മറച്ചു വയ്ക്കരുത്**

തെറ്റുകൾ മറച്ചുവയ്ക്കുന്നവന് ഐശ്വര്യമുണ്ടാവുകയില്ല; അവ ഏറ്റുപറഞ്ഞ് പരിത്യജിക്കുന്നവന് കരുണ ലഭിക്കും. (1 കോറിന്തോസ് 10:12)

സത്യവിരുദ്ധമായി ഒരിക്കലും വാദിക്കരുത്; സ്വന്തം അജ്ഞതയെക്കുറിച്ചു ബോധവാനായിരിക്കണം. തെറ്റു സമ്മതിക്കാൻ ലജ്ജിക്കേണ്ടതില്ല; ഒഴുക്കിനെതിരേ നീന്തരുത് (പ്രഭാഷകൻ 4:25-26).

122. **ധനമോഹം**

ധനവാന്മാരാകണമെന്ന് ആഗ്രഹിക്കുന്നവർ പ്രലോഭനത്തിലും കെണിയിലും, മനുഷ്യനെ അധഃപതനത്തിലേക്കും നാശത്തിലേക്കും തള്ളിയിടുന്ന നിരവധി വ്യാമോഹങ്ങളിലും നിപതിക്കുന്നു. എന്തെന്നാൽ, ധനമോഹമാണ് എല്ലാതിന്മകളുടെയും അടിസ്ഥാന കാരണം. ധനമോഹത്തിലുടെ പലരും വിശ്വാസത്തിൽനിന്നു വ്യതിചലിച്ചുപോകാനും ഒട്ടേറെ വ്യഥകളാൽ തങ്ങളെതന്നെ മുറിപ്പെടുത്താനും ഇടയുണ്ട് (1 തിമോത്തേി 6:9–10).

123. **ധനമോഹം**

മനുഷ്യജീവിതം സമ്പത്തുകൊണ്ടല്ല ധന്യമാകുന്നത് (ലൂക്കാ 12:15).

നാം ഈ ലോകത്തിലേക്ക് ഒന്നും കൊണ്ടുവന്നില്ല. ഇവിടെനിന്ന് ഒന്നും ഒന്നും കൊണ്ടുപോകാനും നമുക്കു സാധിക്കുകയില്ല (1 തിമോത്തേി 6:7).

124. **തെറ്റായ മാർഗ്ഗത്തിലൂടെ പണം സമ്പാതിക്കരുത്**

അനായാസമായി നേടിയസമ്പത്തു ക്ഷയിച്ചുപോകും; അൽപ്പാൽപ്പമായി കരുതിവയ്ക്കുന്നവൻ അതു വർധിപ്പിച്ചുകൊണ്ടിരിക്കും (സുഭാഷിതങ്ങൾ 13:11).

വ്യാജംകൊണ്ടു നേടിയ ധനത്തിൽ ആശ്രയിക്കരുത്; ആപത്തിൽ അത് ഉപകരിക്കുകയില്ല (പ്രഭാഷകൻ 5:8).

125. **വാർദ്ധക്യ സമയങ്ങളിൽ**

നിങ്ങളുടെ വാർധക്യംവരെയും ഞാൻ അങ്ങനെതന്നെയായിരിക്കും. നിങ്ങൾക്കു നര ബാധിക്കുമ്പോഴും ഞാൻ നിങ്ങളെ വഹിക്കും. ഞാൻ നിങ്ങളെ സൃഷ്ടിച്ചു; നിങ്ങളെ വഹിക്കും; ചുമലിലേറ്റി രക്ഷിക്കുകയും ചെയ്യും (ഏശയ്യാ 46:4).

നരച്ച മുടി മഹത്വത്തിന്റെ കിരീടമാണ്; സുകൃതപൂർണമായ ജീവിതം കൊണ്ടാണ് അതു കൈവരുന്നത് (സുഭാഷിതങ്ങൾ 16:31)

126. **പ്രായം ചെന്നവരെ ബഹുമാനിക്കുക**

പ്രായംചെന്നു നരച്ചവരുടെ മുൻപിൽ ആദരപൂർവം എഴുന്നേൽക്കുകയും അവരെ ബഹുമാനിക്കുകയും വേണം. നിന്റെ ദൈവത്തെ ഭയപ്പെടുക. ഞാനാണു കർത്താവ് (ലേവ്യർ 19:32).

127. **രക്ഷപെടാൻ വീണ്ടും അവസരങ്ങൾ തരുന്ന ദൈവം**

ഞാൻ പാപം ചെയ്തു; നീതി വിട്ടകന്നു; എങ്കിലും, എനിക്ക് അതിനു ശിക്ഷ ലഭിച്ചില്ല. പാതാളത്തിൽ പതിക്കാതെ അവിടുന്ന് എന്നെ രക്ഷിച്ചു. എന്റെ ജീവൻ പ്രകാശം കാണും. ദൈവം മനുഷ്യനോട് ഇപ്രകാരം രണ്ടോ മൂന്നോ തവണ പ്രവർത്തിക്കുന്നു. അവന്റെ ആത്മാവിനെ പാതാളത്തിൽനിന്നു തിരിച്ചെടുക്കുകയും അവൻ ജീവന്റെ പ്രകാശം കാണുകയും

ചെയ്യേണ്ടതിനുതന്നെ
(ജോബ് 33:27–30).

128. **രക്ഷപെടാൻ വീണ്ടും അവസരങ്ങൾ തരുന്ന ദൈവം**

കഴിഞ്ഞകാര്യങ്ങൾ നിങ്ങൾ ഓർക്കുകയോ പരിഗണിക്കുകയോ വേണ്ടാ (ഏശയ്യാ 43:18).

ആകയാൽ, ഇപ്പോൾ യേശുക്രിസ്തുവിനോട് ഐക്യപ്പെട്ടിരിക്കുന്നവർക്കു ശിക്ഷാവിധിയില്ല (റോമാ 8:1).

129. **യേശു നൽകുന്ന സമാധാനം**

ഞാൻ നിങ്ങൾക്കു സമാധാനം തന്നിട്ടു പോകുന്നു. എൻെറ സമാധാനം നിങ്ങൾക്കു ഞാൻ നൽകുന്നു. ലോകം നൽകുന്നതുപോലെയല്ല ഞാൻ നൽകുന്നത്. നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ. നിങ്ങൾ ഭയപ്പെടുകയും വേണ്ടാ (യോഹന്നാൻ 14:27).

130. **യേശു നൽകുന്ന സമാധാനം**

ഒന്നിനെക്കുറിച്ചും ആകുലരാകേണ്ടാ. പ്രാർഥനയിലൂടെയും അപേക്ഷയിലൂടെയും കൃതജ്ഞ താസ്തോത്രങ്ങളോടെ നിങ്ങളുടെയാചന കൾ ദൈവസന്നിധിയിൽ അർപ്പിക്കുവിൻ. അപ്പോൾ, നമ്മുടെ എല്ലാ ധാരണയെയും അതിലംഘിക്കുന്ന ദൈവത്തിൻെറ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും ചിന്തകളെയും യേശുക്രിസ്തുവിൽ കാത്തുകൊള്ളും (ഫിലിപ്പി 4:6–7).

131. **യേശു നൽകുന്ന സമാധാനം**

നിങ്ങൾ എന്നിൽ സമാധാനം കണ്ടെത്തേണ്ടതിനാണ് ഞാൻ ഇതു നിങ്ങളോടു പറഞ്ഞത്. ലോകത്തിൽ നിങ്ങൾക്കു ഞെരുക്കമുണ്ടാകും. എങ്കിലും ധൈര്യമായിരിക്കുവിൻ; ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു (യോഹന്നാൻ 16:33).

132. **ദരിദ്രരോടു ദയ കാണിക്കുക**

ദരിദ്രരോടു ദയകാണിക്കുന്നവൻ ഭാഗ്യവാൻ. കഷ്ടതയുടെ നാളുകളിൽ അവനെ കർത്താവു രക്ഷിക്കും. കർത്താവ് അവനെ പരിപാലിക്കുകയും അവൻെറ ജീവൻ സംരക്ഷിക്കുകയും ചെയ്യും. അവൻ ഭൂമിയിൽ അനുഗൃഹീതനായിരിക്കും; അവിടുന്ന് അവനെ ശത്രുക്കൾക്കു വിട്ടു കൊടുക്കുകയില്ല (സങ്കീർത്തനങ്ങൾ 41:1–2).

133. **ദരിദ്രരോടു ദയ കാണിക്കുക**

ദരിദ്രരോടു ദയ കാണിക്കുന്നവൻ കർത്താവിനാണ് കടം കൊടുക്കുന്നത്; അവിടുന്ന് ആ കടം വീട്ടും (സുഭാഷിതങ്ങൾ 19:17).

ദരിദ്രർക്കു ദാനം ചെയ്യുന്നവൻ ക്ഷാമം അനുഭവിക്കുകയില്ല; അവരുടെ നേരേ കണ്ണടയ്ക്കുന്നവനു ശാപത്തിൻമേൽ ശാപമുണ്ടാകും (സുഭാ 28:27).

134. **ദരിദ്രരെ സഹായിക്കുക**

ഭൂമിയിൽ ദരിദ്രർ എന്നും

ഉണ്ടായിരിക്കും. ആകയാൽ, നിൻെറ നാട്ടിൽ വസിക്കുന്ന അഗതിയും ദരിദ്രനുമായ നിൻെറ സഹോദരനുവേണ്ടി കൈയയച്ചു കൊടുക്കുക എന്നു ഞാൻ നിന്നോടു കൽപിക്കുന്നു (നിയമാവർത്തനം 15:11).

ദരിദ്രർക്കു ദാനം ചെയ്യുന്നവൻക്ഷാമം അനുഭവിക്കുകയില്ല; അവരുടെ നേരേ കണ്ണടയ്ക്കുന്നവനുശാപത്തിൻമേൽ ശാപമുണ്ടാകും (സുഭാ 28:27).

135. **ദരിദ്രരെ സഹായിക്കുക**

ദാനധർമം മരണത്തിൽ നിന്നു രക്ഷിക്കുന്നു; അതു സകല പാപങ്ങളും തുടച്ചു നീക്കുന്നു. പരോപകാരവും നീതിയും പ്രവർത്തിക്കുന്നവർ ജീവിതത്തിൻെറ പൂർണത ആസ്വദിക്കും (തോബിത് 12:9).

ദരിദ്രൻെറ നിലവിളിക്ക് ചെവികൊടുക്കാത്തവനു വിലപിക്കേണ്ടിവരും; അത് ആരും കേൾക്കുകയുമില്ല (സുഭാ 21:13).

136. **പോണോഗ്രഫി**

എല്ലാം എനിക്കു നിയമാനുസൃതമാണ്. എന്നാൽ, എല്ലാം പ്രയോജനകരമല്ല; എല്ലാം എനിക്കു നിയമാനുസൃതമാണ്; എന്നാൽ, ഒന്നും എന്നെ അടിമപ്പെടുത്താൻ ഞാൻ സമ്മതിക്കുകയില്ല (1 കോറിന്തോസ് 6:12).

ലോകത്തോടുള്ള മൈത്രി

ദൈവത്തോടുള്ള ശത്രുതയാണെന്നു നിങ്ങൾ അറിയുന്നില്ലേ? ലോകത്തിൻെറ മിത്രമാകാൻ ആഗ്രഹിക്കുന്നവൻ തന്നെത്തന്നെ ദൈവത്തിൻെറ ശത്രുവാക്കുന്നു (യാക്കോബ് 4:4).

137. **പോണോഗ്രഫി**

ലോകത്തെയോ ലോകത്തിലുള്ള വസ്തുക്കളെയോ നിങ്ങൾ സ്നേഹിക്കരുത്. ആരെങ്കിലും ലോകത്തെ സ്നേഹിച്ചാൽ പിതാവിൻെറ സ്നേഹം അവനിൽ ഉണ്ടായിരിക്കുകയില്ല. എന്തെന്നാൽ, ജഡത്തിൻെറ ദുരാശ, കണ്ണുകളുടെ ദുരാശ, ജീവിതത്തിൻെറ അഹന്ത ഇങ്ങനെ ലോകത്തിലുള്ളതൊന്നും പിതാവിൻേറതല്ല; പ്രത്യുത, ലോകത്തിൻേറതാണ്. ലോകവും അതിൻെറ മോഹങ്ങളും കടന്നുപോകുന്നു. ദൈവഹിതം പ്രവർത്തിക്കുന്നവനാകട്ടെ എന്നേക്കും നിലനിൽക്കുന്നു (1 യോഹന്നാൻ 2:15–17).

138. **പ്രാർത്ഥനയിലൂടെ ദൈവത്തോടു ഒട്ടിനിൽക്കുക**

പ്രഭാതത്തിൽ ഉണർന്ന് അവിടുത്തെ അന്വേഷിക്കുന്നവനു കൃപ ലഭിക്കും (പ്രഭാഷകൻ 32:14)

നീ പ്രാർത്ഥിച്ചാൽ കർത്താവ് ഉത്തരമരുളും; നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ, എന്ന് അവിടുന്ന് മറുപടി തരും. മർദ്ദനവും കുറ്റാരോപണവും ദുർഭാഷണവും നിന്നിൽ നിന്ന് ദൂരെയകറ്റുക (ഏശയ്യ 58:9).

139. **പ്രാർത്ഥനയിലൂടെ ദൈവത്തോടു ഒട്ടിനിൽക്കുക**

പ്രാർത്ഥനയിൽ മടുപ്പു തോന്നരുത്; ദാനധർമത്തിൽ വൈമുഖ്യം കാണിക്കരുത് (പ്രഭാഷകൻ 7:10).

പ്രത്യാശയിൽ സന്തോഷിക്കുവിൻ; ക്ലേശങ്ങളിൽ സഹനശീലരായിരിക്കുവിൻ; പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരായിരിക്കുവിൻ (റോമാ 12:12).

140. **വ്യഭിചാരം**

വ്യഭിചാരത്തിൽ നിന്ന് ഓടിയകലുവിൻ. മനുഷ്യൻ ചെയ്യുന്ന മറ്റു പാപങ്ങളെല്ലാം ശരീരത്തിനു വെളിയിലാണ്. വ്യഭിചാരം ചെയ്യുന്നവനാകട്ടെ സ്വന്തം ശരീരത്തിനെതിരായി പാപം ചെയ്യുന്നു. നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണു നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടെ? നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല. നിങ്ങൾ വിലയ്ക്കു വാങ്ങപ്പെട്ടവരാണ്. ആകയാൽ, നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ (1 കോറി 6:18–20).

141. **വ്യഭിചാരം**

നിങ്ങളുടെ ശരീരങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങളാണെന്നു നിങ്ങൾക്ക് അറിഞ്ഞുകൂടേ? ക്രിസ്തുവിന്റെ അവയവങ്ങൾ എനിക്കു വേശ്യയുടെ അവയവങ്ങളാക്കാമെന്നോ? ഒരിക്കലുമില്ല (1 കോറിന്തോസ് 6:15).

വേശ്യ തുപ്പലിനെക്കാൾ

വിലകെട്ടതാണ്. വിവാഹിത കാമുകർക്കു ശവപ്പുരയാണ് (പ്രഭാ 26:22).

142. **വ്യഭിചാരം**

വേശ്യകളുമായി ഇടപഴകുന്നവനു വീണ്ടുവിചാരം നഷ്ടപ്പെടുന്നു. വ്രണങ്ങളും പുഴുക്കളും അവനെ അവകാശപ്പെടുത്തും; വീണ്ടുവിചാരമില്ലാത്തവൻ നശിക്കും (പ്രഭാഷകൻ 19:2–3).

വ്യഭിചാരം ചെയ്യുന്നവനു സുബോധമില്ല; അവൻ തന്നെത്തന്നെ നശിപ്പിക്കുകയാണ്. ക്ഷതങ്ങളും മാനഹാനിയുമാണ് അവനു ലഭിക്കുക. അവൻെറ അപമാനം തുടച്ചു മാറ്റപ്പെടുകയില്ല (സുഭാ 6:32–33).

143. **നമ്മുടെ സംരക്ഷണം കർത്താവിനെ ഏൽപ്പിക്കുക**

നിൻെറ രക്ഷയ്ക്കു നിന്നോടുകൂടെ ഞാനുണ്ട്; കർത്താവാണിതു പറയുന്നത് (ജറെമിയാ 1:8).

ഞാൻ നിനക്കു മുൻപെ പോയി മലകൾ നിരപ്പാക്കുകയും ഇരുമ്പോടാമ്പലുകൾ ഒടിക്കുകയും ചെയ്യും (ഏശയ്യാ 45:2).

144. **നമ്മുടെ സംരക്ഷണം കർത്താവിനെ ഏൽപ്പിക്കുക**

തന്നെ സ്നേഹിക്കുന്നവരെ കർത്താവ് കടാക്ഷിക്കുന്നു; അവിടുന്ന് ശക്തമായ സംരക്ഷണവും ഉറപ്പുള്ള താങ്ങും, ചുടുകാറ്റിൽ അഭയ കേന്ദ്രവും, പൊരിവെയിലിൽ തണലും, ഇടറാതിരിക്കാൻ സംരക്ഷണവും,

വീഴാതിരിക്കാൻ ഉറപ്പും ആണ് (പ്രഭാഷകൻ 34:19).

145. **യാത്രയിൽ ദൈവത്തിൻെറ സംരക്ഷണം**

ഇതാ, ഒരു ദൂതനെ നിനക്കുമുൻപേ ഞാൻ അയയ്ക്കുന്നു. അവൻ നിൻെറ വഴിയിൽ നിന്നെ കാത്തുകൊള്ളും; ഞാൻ ഒരുക്കിയിരിക്കുന്ന സ്ഥലത്തേക്കു നിന്നെ കൊണ്ടുവരുകയും ചെയ്യും **(പുറപ്പാട് 23:20).**

നീ അവരെ ഭയപ്പെടേണ്ടാ, നിന്റെ രക്ഷക്കു നിന്നോടുകൂടെ ഞാനുണ്ട്, കർത്താവാണിതു പറയുന്നത് (ജറെമിയാ 1:8).

146. **യാത്രയിൽ ദൈവത്തിൻെറ സംരക്ഷണം**

കർത്താവാണു നിന്റെ മുൻപിൽ പോകുന്നത് അവിടുന്നു നിന്നോടു കൂടെ ഉണ്ടായിരിക്കും. അവിടുന്നു നിന്നെ ഭഗ്നാശനാക്കുകയോ പരിത്യജിക്കുകയോ ഇല്ല. ഭയപ്പെടുകയോ സംഭ്രമിക്കുകയോ വേണ്ടാ (നിയമാവർത്തനം 31:8).

ഇതാ ഞാൻ നിന്നോടുകൂടെയുണ്ട്. നീ പോകുന്നിടത്തെല്ലാം ഞാൻ നിന്നെ കാത്തുരക്ഷിക്കും.(ഉൽപത്തി 28:15).

147. **ശിക്ഷണം തൽക്കാലത്തേയ്ക്കു വേദനാജനകമായി തോന്നിയേക്കാം**

എല്ലാ ശിക്ഷണവും സന്തോഷപ്രദമെന്നതിനെക്കാൾ വേദനാജനകമായി തത്കാലത്തേക്കു തോന്നുന്നു. എന്നാൽ, അതിൽ

പരിശീലിപ്പിക്കപ്പെട്ടവർക്കു കാലാന്തരത്തിൽ നീതിയുടെ സമാധാനപൂർവകമായ ഫലം ലഭിക്കുന്നു (ഹെബ്രായർ 12:11)

148. **നമ്മൾ രക്ഷിക്കപ്പെട്ടത് യേശുവിൻെറ തിരുരക്തത്തിലൂടെ മാത്രം**

പിതാക്കൻമാരിൽ നിന്നു നിങ്ങൾക്കു ലഭിച്ചവ്യർഥമായ ജീവി തരീതിയിൽനിന്നു നിങ്ങൾ വീണ്ടെ ടുക്കപ്പെട്ടത് നശ്വരമായ വെള്ളിയോ സ്വർണമോ കൊണ്ടല്ല എന്നുനിങ്ങൾ അറിയുന്നുവല്ലോ. കറയോ കള ങ്കമോ ഇല്ലാത്ത കുഞ്ഞാടിന്റേതു പോലുള്ള ക്രിസ്തുവിന്റെ അമൂല്യ രക്തംകൊണ്ടത്രേ (1 പത്രോസ് 1:18 –19).

സ്വന്തം രക്തത്തിലൂടെ ജനത്തെ വിശുദ്ധീകരിക്കാൻ ക്രിസ്തുവും കവാടത്തിനു പുറത്തുവച്ചു പീഡനമേറ്റു (ഹെബ്രായർ 13:12).

149. **നമ്മൾ രക്ഷിക്കപ്പെട്ടത് യേശുവിൻെറ തിരുരക്തത്തിലൂടെ മാത്രം**

സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ വസ്തുക്കളെയും അവനിലൂടെ അവിടുന്നു തന്നോട് അനുരഞ്ജിപ്പി ക്കുകയും അവൻ കുരിശിൽ ചിന്തി യരക്തം വഴി സമാധാനം സ്ഥാപി ക്കുകയും ചെയ്തു (കൊളോ സോസ് 1:20).

നിയമപ്രകാരം മിക്ക വസ്തുക്കളും രക്തത്താലാണ് ശുദ്ധീകരിക്കപ്പെടുന്നത്. രക്തം ചിന്താതെ പാപമോചനമില്ല (ഹെബ്രായർ 9:22).

150. **രക്ഷയും പാപമോചനവും**

**യേശുവിലൂടെ മാത്രം**

കാർമേഘംപോലെ നിന്റെ തിൻമക ളെയും മൂടൽമഞ്ഞുപോലെ നിന്റെ പാപങ്ങളെയും ഞആൻ തുടച്ചു നീക്കി.എന്നിലേക്കു തിരിച്ചുവരിക; ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു ( ഏശയ്യ 44:22)

അന്ധകാരത്തിന്റെ ആധിപത്യത്തിൽ നിന്ന് അവിടുന്നു നമ്മെ വിമോചിപ്പി ച്ചു. അവിടുത്തെ പ്രിയപുത്രന്റെ രാജ്യത്തിലേക്കു നമ്മെ ആനയിക്കു കയും ചെയ്തു.അവനിലാണല്ലോ നമുക്കു രക്ഷയും പാപമോചനവും ലഭിച്ചിരിക്കുന്നത് (കൊളോസോസ് 1:13–14).

151. **പശ്ചാത്താപം**

പശ്ചാത്തപിക്കുന്നവർക്കു തിരിച്ചുവരാൻ അവിടുന്ന് അവസരം നൽകും; ചഞ്ചലഹൃദയർക്ക് പിടിച്ചുനിൽക്കാൻ അവിടുന്ന് പ്രോത്സാഹനം നൽശും (പ്രഭാഷകൻ 17:24)

നാം പാപങ്ങൾ ഏറ്റുപറയുന്നെങ്കിൽ, അവൻ വിശ്വസ്തനും നീതിമാനുമാകയാൽ, പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിലും നിന്നു നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും (1 യോഹന്നാൻ 1:9).

152. **നമ്മൾ പശ്ചാത്തപിക്കണമെന്ന് ദൈവം ആജ്ഞാപിക്കുന്നു**

നിങ്ങളുടെപാപങ്ങൾ മായിച്ചുകളയാൻ പശ്ചാത്തപിച്ച് ദൈവത്തിലേക്കു തിരിയുവിൻ (അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ 3:19).

അജ്ഞതയുടെ കാലഘട്ടങ്ങളെ ദൈവം കണക്കിലെടുത്തില്ല. എന്നാൽ, ഇപ്പോൾ എല്ലായിടത്തുമുള്ള സകല ജനങ്ങളും പശ്ചാത്തപിക്കണമെന്ന് അവിടുന്ന് ആജ്ഞാപിക്കുന്നു (അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ 17:30).

153. **മാനസാന്തരപ്പെട്ട കള്ളനു ലഭിച്ച നിത്യസമ്മാനം**

യേശുവേ, നീ നിന്റെ രാജ്യത്തു പ്രവേശിക്കുമ്പോൾ എന്നെയും ഓർക്കണമേ! യേശു അവനോട് അരുളിച്ചെയ്തു: സത്യമായി ഞാൻ നിന്നോടു പറയുന്നു, നീ ഇന്ന് എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും (ലൂക്കാ 23:42–43).

154. **ദൈവഭക്തിയിൽ ജീവിക്കുക**

ദൈവഭക്തി ആയുസ്സ് വർദ്ധിപ്പിക്കുന്നു; ദുഷ്ടരുടെ ജീവിതകാലം പരിമിതമായിരിക്കും (സുഭാഷിതങ്ങൾ 10:27).

ദൈവഭക്തി ജീവൻെറ ഉറവയാണ്; മരണത്തിൻെറ കെണികളിൽനിന്ന്രക്ഷപെടാൻ അതു സഹായിക്കുന്നു (സുഭാഷിതങ്ങൾ 14:27).

ദൈവഭക്തി ജീവനിലേക്കു നയിക്കുന്നു; ഭക്തൻ ഉപദ്രവം നേരിടാതെ സംതൃപ്തനായിക്കഴിയുന്നു (സുഭാഷിതങ്ങൾ 19:23).

155. **ദൈവഭക്തിയിൽ ജീവിക്കുക**

അവിടുന്നാണ് നിൻെറ ആയുസ്സിൻെറ ഉറപ്പ്. രക്ഷയുടെയും ജ്ഞാനത്തിൻെറയും അറിവിൻെറയും സമൃദ്ധി അവിടുന്ന് തന്നെ. അവിടുന്ന് നൽകുന്ന സമ്പത്ത് ദൈവഭക്തിയാണ് (ഏശയ്യാ 33:6).

വലിയ സമ്പത്തും അതോടൊത്തുള്ള അനർഥങ്ങളുമായി കഴിയുന്നതിനെക്കാൾ മെച്ചം ദൈവഭക്തിയോടെ അൽപംകൊണ്ടു കഴിയുന്നതാണ് (സുഭാഷിതങ്ങൾ 15:16).

156. **ദൈവഭക്തിയിൽ ജീവിക്കുക**

നിരന്തരം ദൈവഭക്തിയിൽ കഴിയുന്നവൻ അനുഗൃഹീതനാണ്; ഹൃദയം കഠിനമാക്കിവയ്ക്കുന്നവൻദുരിതം അനുഭവിക്കും (സുഭാഷിതങ്ങൾ 28:14).

അവിടുത്തെ ഭക്തരുടെമേൽ തലമുറകൾ തോറും അവിടുന്ന് കരുണ വർഷിക്കും (ലൂക്കാ 1:50).

വിനയത്തിനും ദൈവഭക്തിക്കുമുള്ള പ്രതിഫലം സമ്പത്തും ജീവനും ബഹുമതിയുമാണ് (സുഭാഷിതങ്ങൾ 22:4).

157. **മാതാപിതാക്കളെ ബഹുമാനിക്കുക**

കുട്ടികളേ, കർത്താവിൽ നിങ്ങൾ മാതാപിതാക്കൻമാരെ അനുസരിക്കുവിൻ. അതുന്യായയുക്തമാണ്. നിങ്ങൾക്ക

ു നൻമ കൈവരുന്നതിനും ഭൂമിയിൽ ദീർഘകാലം ജീവിക്കുന്നതിനുംവേണ്ടി മാതാവിനെയും പിതാവിനെയും ബഹുമാനിക്കുക
(എഫേസോസ് 6:1–2)

നിനക്കു ജൻമം നൽകിയ പിതാവിനെ അനുസരിക്കുക; വൃദ്ധയായ അമ്മയെ നിന്ദിക്കരുത് (സുഭാഷിതങ്ങൾ 23:22).

158. **മാതാപിതാക്കളെ ബഹുമാനിക്കുക**

നീ ദീർഘനാൾ ജീവിച്ചിരിക്കാനും നിൻെറ ദൈവമായ കർത്താവ് തരുന്ന നാട്ടിൽ നിനക്കു നൻമയുണ്ടാകാനും വേണ്ടി അവിടുന്നു കൽപിച്ചിരിക്കുന്നതുപോലെ നിൻെറ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക
(നിയമാവർത്തനം 5:16).

പിതാവിൻെറ അനുഗ്രഹം മക്കളുടെ ഭവനങ്ങളെ ബലവത്താക്കും; അമ്മയുടെ ശാപം അവയുടെ അടിത്തറ ഇളക്കും
**(പ്രഭാഷകൻ 3:8–9).**

159. **മാതാപിതാക്കളെ ബഹുമാനിക്കുക**

പൂർണഹൃദയത്തോടെ പിതാവിനെ ബഹുമാനിക്കുക; നൊന്തുപെറ്റ അമ്മയെ മറക്കരുത്. മാതാപിതാക്കൻമാരാണു നിനക്കുജൻമം നൽകിയതെന്ന് ഓർക്കുക; നിനക്ക് അവരുടെ ദാനത്തിന്എന്തു പ്രതിഫലം നൽകാൻ കഴിയും?
(പ്രഭാഷകൻ 7:27–28).

നിൻെറ ദൈവമായ കർത്താവു തരുന്ന രാജ്യത്തു നീ ദീർഘകാലം ജീവിച്ചിരിക്കേ ണ്ടതിനു നിൻെറ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക (**പുറപ്പാട് 20:12**).

160. **സഹനങ്ങൾ**

തൻെറ നിത്യ മഹത്വത്തിലേക്കു ക്രിസ്തുവിൽ നിങ്ങളെ വിളിച്ചിരിക്കുന്ന അനുഗ്രഹദാതാവായ ദൈവം നിങ്ങളെ അൽപകാലത്തെ സഹനത്തിനുശേഷം പൂർണരാക്കുകയും സ്ഥിരീകരിക്കുകയും ശക്തരാക്കുകയും ചെയ്യും (1 പത്രോസ് 5:10).

പ്രത്യാശയുടെ തടവുകാരേ, നിങ്ങളുടെ രക്ഷാദുർഗത്തിലേക്കു മടങ്ങിപ്പോകുവിൻ. നിങ്ങൾക്ക് ഇരട്ടി മടക്കിത്തരുമെന്നു ഞാൻ പ്രഖ്യാപിക്കുന്നു (സഖറിയാ 9:12).

161. **അന്യദൈവങ്ങൾ, സാത്താൻ സേവകർ, മന്ത്രവാദം**

ആരെങ്കിലും മന്ത്രവാദികളുടെയും കൂടോത്രക്കാരുടെയും പുറകേ പോയി അന്യദേവൻമാരെ ആരാധിച്ചാൽ അവനെതിരേ ഞാൻ മുഖം തിരിക്കുകയും അവനെ സ്വജനത്തിൽ നിന്നു വിച്ഛേദിച്ചു കളയുകയും ചെയ്യും (ലേവ്യർ 20:6).

എന്തെന്നാൽ, ഒരു ദൈവമേയുള്ളു ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനായി ഒരുവനെയുള്ളു: മനുഷ്യനായ യേശുക്രിസ്തു (1 തിമോത്തേയോസ് 2:5).

162. **അന്യദൈവങ്ങൾ, സാത്താൻ**

**സേവകർ, മന്ത്രവാദം**

യേശു കർത്താവാണ് എന്ന്
അധരംകൊണ്ട് ഏറ്റുപറയുകയും
ദൈവം അവനെ മരിച്ചവരിൽനിന്ന്
ഉയിർപ്പിച്ചു എന്നു ഹൃദയത്തിൽ
വിശ്വസിക്കുകയും ചെയ്താൽ നീ
രക്ഷപ്രാപിക്കും (റോമാ 10:9).

അടിമത്തത്തിൻെറ ഭവനമായ
ഈജിപ്തിൽനിന്നു നിന്നെ
പുറത്തുകൊണ്ടുവന്ന ഞാനാണ്
നിൻെറ ദൈവമായ കർത്താവ്.
ഞാനല്ലാതെ വേറെ ദേവൻമാർ
നിനക്കുണ്ടാകരുത്
(പുറപ്പാട് 20:2–3).

163. **ദൈവം തരുന്നതുകൊണ്ട് തൃപ്തിപ്പെടുക**

ഉള്ളതുകൊണ്ടു തൃപ്തിപ്പെടുന്നവന്
ദൈവഭക്തി വലിയൊരു നേട്ടമാണ്.
കാരണം, നാം ഈ ലോകത്തിലേക്ക്
ഒന്നും കൊണ്ടുവന്നില്ല.
ഇവിടെനിന്ന് ഒന്നും ഒന്നും
കൊണ്ടുപോകാനും നമുക്കു
സാധിക്കുകയില്ല (1
തിമോത്തേയോസ് 6:6–7)

164. **രോഗങ്ങളും, വേദനകളും**

മകനേ, രോഗം വരുമ്പോൾ
ഉദാസീനനാകാതെ
കർത്താവിനോടു പ്രാർഥിക്കുക;
അവിടുന്ന് നിന്നെ സുഖപ്പെടുത്തും
(പ്രഭാഷകൻ 38:9).

ജ്ഞാനിയെന്നു സ്വയം ഭാവിക്കരുത്;
കർത്താവിനെ ഭയപ്പെട്ട്
തിൻമയിൽനിന്ന് അകന്നുമാറുക.
അത് നിൻെറ ശരീരത്തിന്
ആരോഗ്യവും അസ്ഥികൾക്ക്

അനായാസതയും നൽകും (സുഭാഷിതങ്ങൾ 3:7–8).

165. **രോഗങ്ങളും, വേദനകളും**

വിശ്വാസത്തോടെയുള്ള പ്രാർഥന രോഗിയെ സുഖപ്പെടുത്തും; കർത്താവ് അവനെ എഴുന്നേൽപിക്കും; അവൻ പാപങ്ങൾചെയ്തിട്ടുണ്ടെങ്കിൽ അവിടുന്ന് അവനു മാപ്പു നൽകും. (യാക്കോബ് 5:15).

കർത്താവു നിങ്ങളിൽ നിന്ന് എല്ലാ രോഗങ്ങളും മാറ്റിക്കളയും (നിയമാവർത്തനം 7:15).

166. **പാപത്തിന്റെ ശിക്ഷ നാം അനുഭവിക്കേണ്ടിവരുന്നത് ജീവിതകാലം മുഴുവനും പിന്നെ മരണാനന്തരവും**

അബ്രാഹം പറഞ്ഞു: മകനേ, നീ ഓർമ്മിക്കുക:നിനക്കു ജീവിതകാലത്ത് എല്ലാ സുഖസൗകര്യങ്ങളും ലഭിച്ചിരുന്നു; ലാസറിനോ കഷ്ടതകളും. ഇപ്പോൾ അവൻ ഇവിടെ ആനന്ദിക്കുകയും നീ വേദന അനുഭവിക്കുകയും ചെയ്യുന്നു (ലൂക്കാ 16:25).

മരണവിധിയെ ഭയപ്പെടേണ്ടാ; നിന്റെ മുൻകാല ജീവിതത്തെയും ജീവിതാന്തത്തെയും ഓർക്കുക; മർത്യവർഗ്ഗത്തിനുള്ള കർത്താവിന്റെ തീർപ്പാണ് ഇത് (പ്രഭാഷകൻ 41:3).

167. **ദൈവത്തിലേക്കു തിരിയുവിൻ**

നിങ്ങളുടെപാപങ്ങൾ മായിച്ചുകളയാൻ പശ്ചാത്തപിച്ച് ദൈവത്തിലേക്കു തിരിയുവിൻ (അപ്പ.പ്രവർത്തനങ്ങൾ 3:19)

തങ്ങളുടെ ദുഷ്ടതയിൽനിന്ന് അവർ പിൻതിരിഞ്ഞു എന്നു കണ്ട് ദൈവം മനസ്സുമാറ്റി; അവരുടെമേൽ അയയ്ക്കുമെന്നു പറഞ്ഞ തിൻമ അയച്ചില്ല (യോനാ 3:10).

168. **നമ്മിൽ പാപമില്ലാത്തവർ ആരുണ്ട്?**

ചെയ്യേണ്ട നൻമ ഏതാണെന്നറിഞ്ഞിട്ടും അതു ചെയ്യാതിരിക്കുന്നവൻ പാപം ചെയ്യുന്നു (യാക്കോബ് 4:17).

നിങ്ങളിൽ ഒരാൾ സത്യത്തിൽനിന്നു വ്യതിചലിക്കുകയും അവനെ വേറൊരാൾ തിരിച്ചുകൊണ്ടുവരുകയും ചെയ്യുന്നെങ്കിൽ പാപിയെ തെറ്റായ മാർഗത്തിൽ നിന്നു പിന്തിരിക്കുന്നവൻ, തൻെറ ആത്മാവിനെ മരണത്തിൽനിന്നു രക്ഷിക്കുകയും തൻെറ നിരവധിയായ പാപങ്ങൾ തുടച്ചുമാറ്റുകയും ചെയ്യുന്നുവെന്നു നിങ്ങൾ അറിഞ്ഞുകൊള്ളുവിൻ (യാക്കോബ് 5:19–20).

169. **ദൈവഭക്തി**

താൻ ദൈവഭക്തനാണെന്ന് ഒരുവൻ വിചാരിക്കുകയും തൻെറ നാവിനെ നിയന്ത്രിക്കാതെ ഹൃദയത്തെ വഞ്ചിക്കുകയും ചെയ്താൽ അവൻെറ ഭക്തി വ്യർഥമത്രേ (യാക്കോബ് 1:26).

അവിടുത്തെ ഭക്തരുടെമേൽ തലമുറകൾ തോറും അവിടുന്ന് കരുണ വർഷിക്കും (ലൂക്കാ 1:50).

170. **ആത്മഹത്യാ പ്രവണത**

പരമദുഷ്ടനോ മൂഢനോ ആകരുത്. കാലമെത്താതെ നീ മരിക്കുന്നതെന്തിന്? (സഭാപ്രസംഗകൻ 7:17).

ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു: ആരുടെയും മരണത്തിൽ ഞാൻ സന്തോഷിക്കുന്നില്ല. നിങ്ങൾ പശ്ചാത്തപിക്കുകയും ജീവിക്കുകയും ചെയ്യുവിൻ (എസെക്കിയേൽ 18:32).

171. **ആത്മഹത്യാ പ്രവണത**

നിങ്ങളുടെ ആത്മധൈര്യം നിങ്ങൾ നശിപ്പിച്ചുകളയരുത്. അതിനുവലിയ പ്രതിഫലം ലഭിക്കാനിരിക്കുന്നു (ഹെബ്രായർ 10:35).

ആകയാൽ, നിൻെറ ദൈവത്തിൻെറ സഹായത്തോടെ തിരിച്ചു വരുക. നീതിയും സ്നേഹവും മുറുകെപ്പിടിക്കുക. നിൻെറ ദൈവത്തിനുവേണ്ടി നിരന്തരം കാത്തിരിക്കുക (ഹോസിയാ 12:6).

172. **പ്രലോഭനങ്ങൾ നേരിടുന്ന സമയങ്ങളിൽ**

മനുഷ്യ സാധാരണമല്ലാത്ത ഒരു പ്രലോഭനവും നിങ്ങൾക്കു നേരിട്ടിട്ടില്ല. ദൈവം വിശ്വസ്തനാണ്. നിങ്ങളുടെ ശക്തിക്കതീതമായ പ്രലോഭനങ്ങൾ ഉണ്ടാകാൻ അവിടുന്ന് അനുവദിക്കുകയില്ല. പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ അവയെ അതിജീവിക്കാൻ വേണ്ട ശക്തി അവിടുന്ന് നിങ്ങൾക്കു നൽകും (1 കോറിന്തോസ് 10:13).

അവൻ പീഡ സഹിക്കുകയും പരീക്ഷിക്കപ്പെടുകയും ചെയ്തതുകൊണ്ട് പരീക്ഷിക്കപ്പെടുന്നവരെ സഹായിക്കാൻ അവനു സാധിക്കുമല്ലോ (ഹെബ്രായർ 2:18).

173. **യൗവനകാലം**

ഒന്നിലും സന്തോഷം തോന്നുന്നില്ല എന്നു നീ പറയുന്ന ദുർദിനങ്ങളും വർഷങ്ങളും ആഗമിക്കുംമുൻപ് യൗവനകാലത്ത് സ്രഷ്ടാവിനെ സ്മരിക്കുക (സഭാപ്രസംഗകൻ 12:1).

ആരും നിന്റെ പ്രായക്കുറവിന്റെ പേരിൽ നിന്നെ അവഗണിക്കാൻ ഇടയാകരുത്. വാക്കുകളിലും പെരുമാറ്റത്തിലും സ്നേഹത്തിലും വിശ്വാസത്തിലും വിശുദ്ധിയിലും നീ വിശ്വസികൾക്കു മാതൃകയായിരിക്കുക (1 തിമോത്തി 4:12).

174. **യൗവനകാലം**

എപ്പോഴും ദൈവഭക്തിയിൽ ഉറച്ചുനിൽക്കുക. തീർച്ചയായും നിനക്കൊരു ഭാവിയുണ്ട്; നിൻെറ പ്രതീക്ഷയ്ക്കു ഭംഗം നേരിടുകയില്ല. മകനേ, ശ്രദ്ധിച്ചു കേൾക്കുക, വിവേകം പുലർത്തുക, മനസ്സിനെ നല്ല വഴിക്കു നയിക്കുകയും ചെയ്യുക (സുഭാഷിതങ്ങൾ 23:17–19).

മകനേ, വിനയംകൊണ്ടു മഹത്വമാർജിക്കുക; നിലവിട്ട് സ്വയം മതിക്കരുത് (പ്രഭാഷകൻ 10:28).

175. **യൗവനകാലം**

കർത്താവിൽ
പൂർണഹൃദയത്തോടെ
വിശ്വാസമർപ്പിക്കുക; സ്വന്തം
ബുദ്ധിയെ ആശ്രയിക്കുകയുമരുത്.
നിൻെറ എല്ലാ പ്രവൃത്തികളും
ദൈവവിചാരത്തോടെയാകട്ടെ;
അവിടുന്ന് നിനക്ക് വഴി
തെളിച്ചുതരും. ജ്ഞാനിയെന്നു
സ്വയം ഭാവിക്കരുത്; കർത്താവിനെ
ഭയപ്പെട്ട് തിൻമയിൽനിന്ന് ̆അകന്നു
മാറുക (സുഭാഷിതങ്ങൾ 3:5–7).

176. **ടെൻഷൻ സമയങ്ങളിൽ**

കർത്താവു നിങ്ങൾക്കുവേണ്ടി
യുദ്ധം ചെയ്തു കൊള്ളും. നിങ്ങൾ
ശാന്തരായിരുന്നാൽ മതി (പുറപ്പാട്
14:14).

ഉത്കണ്ഠമൂലം ആയുസ്സിൻെറ
ദൈർഘ്യം ഒരു മുഴമെങ്കിലും
കൂട്ടാൻ നിങ്ങളിലാർക്കെങ്കിലും
സാധിക്കുമോ? (മത്തായി 6:27).

177. **ടെൻഷൻ സമയങ്ങളിൽ**

ദൈവത്തിൻെറ ശക്തമായ
കരത്തിൻകീഴിൽ, നിങ്ങൾ
താഴ്മയോടെ നിൽക്കുവിൻ.
അവിടുന്നു തക്കസമയത്തു
നിങ്ങളെ ഉയർത്തിക്കൊള്ളും.
നിങ്ങളുടെ ഉത്കണ്ഠകളെല്ലാം
അവിടുത്തെ ഏൽപിക്കുവിൻ.
അവിടുന്നു നിങ്ങളുടെ കാര്യത്തിൽ
ശ്രദ്ധാലുവാണ് (1 പത്രോസ് 5:6).

178. **പരീക്ഷണങ്ങളെ അതിജീവിക്കുക**

പരീക്ഷകൾ ക്ഷമയോടെ
സഹിക്കുന്നവൻ ഭാഗ്യവാൻ.
എന്തെന്നാൽ, അവൻ പരീക്ഷകളെ
അതിജീവിച്ചു കഴിയുമ്പോൾ തന്നെ
സ്നേഹിക്കുന്നവർക്കു ദൈവം

വാഗ്ദാനം ചെയ്തിരിക്കുന്ന ജീവന്റെ കിരീടം അവനു ലഭിക്കും (യാക്കോബ് 1:12).

179. **പരീക്ഷണങ്ങളെ അതിജീവിക്കുക**

സകല ഭൂവാസികളെയും പരിശോധിക്കാനായി ലോകത്തിൽ ഉണ്ടാകാനിരിക്കുന്ന പരീക്ഷണങ്ങളുടെ സമയത്തു ഞാൻ നിന്നെ സംരക്ഷിക്കുകയും ചെയ്യും. എന്തെന്നാൽ, പരീക്ഷകളിൽ ഉറച്ചുനിൽക്കണമെന്നുള്ള എന്റെ വചനം നീ കാത്തു (വെളിപാട്3:10).

180. **പരീക്ഷണങ്ങളെ അതിജീവിക്കുക**

നിങ്ങൾ നിങ്ങളുടെ വിശ്വാസത്തിൽ നിലനിൽക്കുന്നുണ്ടോ എന്ന് പരിശോധിക്കുവിൻ; നിങ്ങളെത്തന്നെ പരീക്ഷിച്ചറിയുവിൻ. യേശുക്രിസ്തു നിങ്ങളിലുണ്ട് എന്നു നിങ്ങൾക്കു ബോധ്യമായിട്ടില്ലേ? ഇല്ലെങ്കിൽ നിങ്ങൾ തീർച്ചയായും പരീക്ഷയിൽ പരാജയപ്പെട്ടിരിക്കുന്നു (2 കോറിന്തോസ് 13:5)

181. **തിരുവചനത്തിന്റെ ശക്തി**

ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവുമാണ്; ഇരുതലവാളിനെക്കാൾ മൂർച്ചയേറിയതും, ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ് (ഹെബ്രായർ 4:12).

മനുഷ്യൻ പുല്ലുമാത്രം! പുല്ലു കരിയുന്നു; പുഷ്പം വാടുന്നു; നമ്മുടെ ദൈവത്തിൻെറ വചനമാകട്ടെ എന്നേക്കും നിലനിൽക്കും (ഏശയ്യാ 40:7–8).

182. **നമ്മുടെ നാവ്**

ചാട്ടകൊണ്ട് അടിച്ചാൽ തിണർപ്പുണ്ടാകും; നാവുകൊണ്ട് പ്രഹരിച്ചാൽ അസ്ഥികൾ തകരും (പ്രഭാഷകൻ 28:17).

അഹന്തയോടെ മേലിൽ സംസാരിക്കരുത്. നിൻെറ നാവിൽനിന്നു ഗർവ് പുറപ്പെടാതിരിക്കട്ടെ. കാരണം, കർത്താവ് സർവജ്ഞനായ ദൈവമാണ്. പ്രവൃത്തികളെ വിലയിരുത്തുന്നത് അവിടുന്നാണല്ലോ (1 സാമുവൽ 2:3).

183. **നമ്മുടെ നാവ്**

തുളച്ചുകയറുന്ന വാളുപോലെ, വീണ്ടുവിചാരമില്ലാതെ വാക്കുകൾ പ്രയോഗിക്കുന്നവരുണ്ട്; വിവേകിയുടെ വാക്കുകൾ മുറിവുണക്കുന്നു (സുഭാഷിതങ്ങൾ 12:18).

താൻ ദൈവഭക്തനാണെന്ന് ഒരുവൻ വിചാരിക്കുകയും തൻെറ നാവിനെ നിയന്ത്രിക്കാതെ ഹൃദയത്തെ വഞ്ചിക്കുകയും ചെയ്താൽ അവൻെറ ഭക്തി വ്യർഥമത്രേ (യാക്കോബ് 1:26).

184. **നമ്മുടെ നാവ്**

നാവു തീയാണ്; അതു ദുഷ്ടതയുടെ ഒരു ലോകം തന്നെയാണ്. നമ്മുടെ അവയവങ്ങളിലൊന്നായ അത് ശരീരം മുഴുവനെയും മലിനമാക്കുന്നു (യാക്കോബ് 3:6).

ജീവനെ നശിപ്പിക്കാനും പുലർത്താനും നാവിന് കഴിയും (സുഭാഷിതങ്ങൾ 18:21).

മനുഷ്യർ പറയുന്ന ഓരോ വ്യർഥവാക്കിനും വിധിദിവസത്തിൽ കണക്കു കൊടുക്കേണ്ടിവരും (മത്തായി 12:36).

185. **പ്രതികാരം**

നിൻെറ ജനത്തോടു പകയോ പ്രതികാരമോ പാടില്ല. നിന്നെപ്പോലെതന്നെ നിൻെറ അയൽക്കാരനെയും സ്നേഹിക്കുക. ഞാനാണ് കർത്താവ് (ലേവ്യർ 19:18).

തിൻമയ്ക്കു പകരം തിൻമ ചെയ്യരുത്; ഏവരുടെയും ദൃഷ്ടിയിൽ ശ്രേഷ്ഠമായതു പ്രവർത്തിക്കാൻ ശ്രദ്ധിക്കുവിൻ. (റോമാ 12:17).

186. **നമ്മുടെ ബലഹീനതയുടെ നിമിഷങ്ങളിൽ**

നിനക്ക് എൻെറ കൃപ മതി; എന്തെന്നാൽ, ബലഹീനതയിലാണ് എൻെറ ശക്തി പൂർണമായി പ്രകടമാകുന്നത് (2 കോറിന്തോസ് 12:9).

അവൻ നമ്മുടെ ബലഹീനതകൾ ഏറ്റെടുക്കുകയും രോഗങ്ങൾ വഹിക്കുകയും ചെയ്തു (മത്തായി 8:17).

നമ്മുടെ ബലഹീനതയിൽ ആത്മാവ് നമ്മെ സഹായിക്കുന്നു (റോമാ 8:26).

187. **നമ്മുടെ ബലഹീനതയുടെ നിമിഷങ്ങളിൽ**

തളർന്നവന് അവിടുന്ന് ബലം നൽകുന്നു. ദുർബലന് ശക്തി പകരുകയും ചെയ്യുന്നു യുവാക്കൾ പോലും തളരുകയും,ക്ഷീണിക്കുകയും ചെയ്തേക്കാം; ചെറുപ്പക്കാർ ശക്തിയറ്റുവീഴാം എന്നാൽ ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും; അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല; നടന്നാൽ തളരുകയുമില്ല (ഏശയ്യാ 40:29–31).

188. **നമ്മുടെ ആലോചനകളും ആഗ്രഹങ്ങളും ആദ്യം ദൈവത്തിനു സമർപ്പിക്കുക.**

മനുഷ്യൻ പലതും ആലോചിച്ചുവയ്ക്കുന്നു; നടപ്പിൽ വരുന്നത് കർത്താവിൻെറ തീരുമാനമാണ് (സുഭാഷിതങ്ങൾ 19:21).

മനുഷ്യൻ തൻെറ മാർഗം ആലോചിച്ചു വയ്ക്കുന്നു; അവൻെറ കാലടികളെ നിയന്ത്രിക്കുന്നത് കർത്താവാണ് (സുഭാഷിതങ്ങൾ 16:9).

189. **നമ്മുടെ ആലോചനകളും ആഗ്രഹങ്ങളും ആദ്യം ദൈവത്തിനു സമർപ്പിക്കുക.**

വിവേകശൂന്യമായ തീരുമാനം അനേകരെ വഴിതെറ്റിച്ചിട്ടുണ്ട്.

അബദ്ധാഭിപ്രായം ചിന്താക്കുഴപ്പം ഉണ്ടാക്കിയിട്ടുണ്ട് (പ്രഭാഷകൻ 3:24–25).

കർത്താവിൽ ആനന്ദിക്കുക; അവിടുന്നു നിൻെറ ആഗ്രഹങ്ങൾ സാധിച്ചുതരും. നിൻെറ ജീവിതം കർത്താവിനു ഭരമേൽപിക്കുക, കർത്താവിൽ വിശ്വാസമർപ്പിക്കുക; അവിടുന്നു നോക്കിക്കൊള്ളും (സങ്കീർത്തനങ്ങൾ 37:4–5)

190. **നമ്മുടെ കർത്താവിനു സാക്ഷ്യം നൽകുക**

നമ്മുടെ കർത്താവിനു സാക്ഷ്യം നല്കുന്നതിൽ നീ ലജ്ജിക്കരുത്. അവന്റെ തടവുകാരനായ എന്നെപ്രതിയും നീ ലജ്ജിതനാകരുത്. ദൈവത്തിന്റെ ശക്തിയിൽ ആശ്രയിച്ചുകൊണ്ട് അവന്റെ സുവിശേഷത്തെ പ്രതിയുള്ള ക്ലേശങ്ങളിൽ നീയും പങ്കു വഹിക്കുക (2 തിമോത്തേയോസ് 1:8).

സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം! (റോമാ 10:15).

191. **നമ്മൾ ഈലോകത്തിന് അടിമപ്പെടരുത്**

നിങ്ങൾ ഈലോകത്തിന് അനുരൂപരാകരുത്; പ്രത്യുത, നിങ്ങളുടെ മനസ്സിൻെറ നവീകരണംവഴി രൂപാന്തരപ്പെടുവിൻ. ദൈവഹിതം എന്തെന്നും, നല്ലതും പ്രീതിജനകവും പരിപൂർണ വുമായത് എന്തെന്നും വിവേചിച്ചറിയാൻ അപ്പോൾ നിങ്ങൾക്കു സാധിക്കും (റോമാ 12:2).

192. **നമ്മൾ ഈലോകത്തിന് അടിമപ്പെടരുത്**

ലോകത്തെയോ ലോകത്തിലുള്ള വസ്തുക്കളെയോ നിങ്ങൾ സ്നേഹിക്കരുത്. ആരെങ്കിലും ലോകത്തെ സ്നേഹിച്ചാൽ പിതാവിൻെറ സ്നേഹം അവനിൽ ഉണ്ടായിരിക്കുകയില്ല (1 യോഹന്നാൻ 2:15).

എല്ലാം എനിക്കു നിയമാനുസൃതമാണ്. എന്നാൽ, എല്ലാം പ്രയോജനകരമല്ല; എല്ലാം എനിക്കു നിയമാനുസൃതമാണ്; എന്നാൽ, ഒന്നും എന്നെ അടിമപ്പെടുത്താൻ ഞാൻ സമ്മതിക്കുകയില്ല (1 കോറിന്തോസ് 6:12).